ഏറ്റവുമധികം പ്രവാസിപ്പണം നേടുന്ന രാജ്യങ്ങളുടെ പട്ടികയിൽ 2017–ലും ഇന്ത്യ ഒന്നാം സ്ഥാനം നിലനിർത്തി. 2016–നെക്കാൾ 9.5 ശതമാനം വർധനയോടെ. 2017–ൽ 6890 കോടി ഡോളറാണ് ഇന്ത്യ നേടിയത്. 2016–ൽ ഇത് 6300 കോടി ഡോളറായിരുന്നു. 6400 കോടി ഡോളർ നേടിയ ചൈനയാണ് രണ്ടാം സ്ഥാനത്ത്. ഫിലിപ്പീൻസ്, മെക്സിക്കോ, നൈജീരിയ മുതലായവയാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. പ്രവാസലോകത്തുള്ളത് മൊത്തം മൂന്നുകോടിയോളം ഇന്ത്യക്കാരാണ്. ഇതിൽ 90 ലക്ഷം പേരും യു.എ.ഇ.യും സൗദി അറേബ്യയും ഉൾപ്പെടുന്ന ആറ് ഗൾഫ് രാജ്യങ്ങളിലാണുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസിപ്പണം ഒഴുകുന്നത് കേരളത്തിലേക്കാണ്. 40 ശതമാനം പണവും കേരളമാണ് നേടുന്നത്. പഞ്ചാബ് (12.7%), തമിഴ്നാട് (12.4%), ആന്ധ്രപ്രദേശ് (7.7%), ഉത്തർ പ്രദേശ് (5.4%) എന്നിവയാണ് തൊട്ടുപിന്നിലുള്ളത്. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 2.8 ശതമാനമാണ് പ്രവാസിപ്പണം.

### ശരദ്കുമാർ കേന്ദ്ര വിജിലൻസ് കമ്മിഷണർ

കേന്ദ്ര വിജിലൻസ് കമ്മിഷണറായി ശരദ്കുമാർ നിയമിതനായി. നാലുവർഷത്തേക്കാണ് നിയമനം. എൻഐഎ മുൻ മേധാവിയാണ്.

## ലോകം

### ട്രംപ്–കിം ജോങ് ഉച്ചകോടി

ലോകം മുഴുവൻ ഉറ്റുനോക്കിയ യുഎസ് ഉത്തര കൊറിയ രാഷ്ട്രത്തലവൻമാരുടെ കൂ



ടിക്കാഴ്ച സിംഗപ്പൂരിലെ സെന്റോസ ദ്വീപിലുള്ള കാപെല്ലാ ഹോട്ടലിൽ ജൂൺ 12–ന് നടന്നു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഉത്തരകൊറിയൻ ഭരണാധികാരി കിം ജോങ് ഉന്നും ഉത്തരകൊറിയയുടെ ആണവ നിരായുധീകരണം സംബന്ധിച്ച സംയുക്ത പ്രസ്താവനയിൽ ഒപ്പിട്ടു. ഇതാദ്യമായിട്ടാണ് ബദ്ധവൈരികളായ യുഎസിലെയും ഉത്തര കൊറിയയിലെയും അധികാരത്തിലിരിക്കുന്ന നേതാക്കൾ കൂടിക്കാഴ്ച നടത്തുന്നത്.

### കോടീശ്വരരിൽ മുമ്പൻ ബെസോസ്

ഫോബ്സ് മാഗസിൻ പ്രഖ്യാപിച്ച പട്ടികയിൽ ലോകത്തെ കോടീശ്വരൻമാരിൽ മുമ്പനായി ആമസോൺ സ്ഥാപകനും സിഇഒ



യുമായ ജെഫ് ബസോസ്. ഈയിടെ ബസോസിന്റെ ആസ്തിയിൽ 500 കോടിയുടെ വർധനവ് ആണ് ഉണ്ടായത്. ആകെ 141900 കോടിയാണ് ബസോസിന്റെ ആസ്തി. മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽ ഗേറ്റ്സാണ് രണ്ടാം സ്ഥാനത്ത്. മൂന്നാമത് വാറൻ ബഫറ്റ്. ഇന്ത്യക്കാരിൽ ഒന്നാം സ്ഥാനം റിലയൻസ് മേധാവി മുകേഷ് അംബാനിക്കാണ്. എം.എ.യൂസഫലിയാണ് ഏറ്റവും സമ്പന്നനായ മലയാളി.

### മാസിഡോണിയ ഇനി വടക്കൻ മാസിഡോണിയ

മാസിഡോണിയയുടെ പേരുമായ ബന്ധപ്പെട്ട് മൂന്ന് പതിറ്റാണ്ടായി നിലനിൽക്കുന്ന തർക്കത്തിന് വിരാമമിട്ട് ഗ്രീസും മാസിഡോണിയയും കരാറിലൊപ്പുവച്ചു. കരാർ പ്രകാരം മാസിഡോണിയ ഇനി വടക്കൻ മാസിഡോണിയ എന്ന പേരിലാകും അറിയപ്പെടുക. 1991–ൽ യുഗോസ്ലാവ്യയിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച് മാസിഡോണിയ എന്ന പേര് സ്വീകരിച്ചതോടെയാണ് ആ രാജ്യവും ഗ്രീസും തമ്മിൽ പ്രശ്നങ്ങൾ ആരംഭിച്ചത്. ഗ്രീസിന്റെ വടക്കൻ പ്രവിശ്യയുടെ പേരും മാസിഡോണിയ എന്നാണ്.

**അനുബന്ധ വസ്തുതകൾ**

* മാസിഡോണിയയുടെ തലസ്ഥാനം– Skopje
* ഗ്രീസിന്റെ തലസ്ഥാനം– ഏഥൻസ്

### തുർക്കിയിൽ ഉർദുഗാൻതന്നെ പ്രസിഡന്റ്

തുർക്കി പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിലവിലെ പ്രസിഡന്റ് രജപ് തയ്യിപ് ഉർദുഗാനും അദ്ദേഹത്തിന്റെ ജസ്റ്റിസ് ആൻഡ് ഡെവലപ്മെന്റ് പാർട്ടിയ്ക്കും വൻവിജയം. ഉർദുഗാന് 53 ശതമാനം വോട്ടും എതിർ സ്ഥാനാർഥി റിപ്പബ്ലിക്കൻ പീപ്പിൾസ് പാർട്ടി നേതാവ് മുഹാറം ഇൻസിന് 31 ശതമാനം വോട്ടുമാണ് ലഭിച്ചത്. പ്രധാനമന്ത്രി പദവി ഇല്ലാതാക്കി, മന്ത്രിമാരെ നിയമിക്കാനുള്ള അധികാരം പ്രസിഡന്റിന് നൽകിക്കൊണ്ടുള്ള ഭരണപരിഷ്കരണ നടപടിക്ക് കഴിഞ്ഞവർഷം ഏപ്രിലിൽ ഹിതപരിശോധനയിൽ അംഗീകാരം നൽകിയിരുന്നു.

### സെയ്ഷൽസിൽ ഇന്ത്യയുടെ നാവികത്താവളം

സെയ്ഷൽസിലെ അസംപ്ഷൻ ദ്വീപിൽ ഇന്ത്യ നാവികത്താവളം സ്ഥാപിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇന്ത്യ സന്ദർശിക്കുന്ന സെയ്ഷൽസ് പ്രസിഡന്റ് ഡാനി ഫൗറെയും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം ഇതു സംബന്ധിച്ച കരാറിൽ ഒപ്പുവച്ചു.

## കളിക്കളം

### 2026 ഫുട്ബോൾ ലോകകപ്പ്

2016–ലെ ഫുട്ബോൾ ലോകകപ്പിന് അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾ സംയുക്തമായി ആതിഥേയത്വം വഹിക്കും. ടീമുകളുടെ എണ്ണം 32–ൽ നിന്ന് 48 ആയി ഉയർത്തുന്നതിന് ശേഷമുള്ള ആദ്യ ലോകകപ്പിന് മൂന്ന് രാജ്യങ്ങളും ചേർന്ന് 23 വേദികളാകും ഒരുക്കുന്നത്. ആകെയുള്ള 200 വോട്ടുകളിൽ 134 രാജ്യങ്ങളുടെ പിന്തുണ നേടിയാണ് വടക്കേ അമേരിക്കൻ സഖ്യം ലോകകപ്പിന് ആതിഥേയത്വം നേടിയത്. ഇറാൻ ആർക്കും വോട്ട് രേഖപ്പെടുത്തിയില്ല. ആഫ്രിക്കൻ രാജ്യങ്ങളുടെ പിന്തുണയോടെ മൊറോക്കോ 65 വോട്ടുകൾ നേടി. 2002–ൽ ജപ്പാനും കൊറിയയും സംയുക്തമായി ആതിഥേയത്വം വഹിച്ചതിനുശേഷം ഇതാദ്യമായിട്ടാണ് ലോകകപ്പ് ഫുട്ബോളിന് സംയുക്താതിഥേയർ വരുന്നത്.

**അനുബന്ധ വസ്തുതകൾ**

ഫിഫ പ്രസിഡന്റ്– ജിയാനി ഇൻഫാന്റിനോ
ഫിഫ ആസ്ഥാനം– സൂറിച്ച്

### ഫെഡറർ വീണ്ടും ഒന്നാമൻ

റോജർ ഫെഡറർ വീണ്ടും ലോക നമ്പർ വ



ൺ ടെന്നീസ് താരം. റാഫേൽ നഡാലിനെ പിന്തള്ളിയാണ് ഫെഡറർ സ്ഥാനം വീണ്ടെടുത്തത്.

### ഇന്ത്യ ജേതാക്കൾ

ഫൈനലിൽ കെനിയയെ തോൽപിച്ച് ഇന്ത്യ പ്രഥമ ഇന്റർ കോണ്ടിനെന്റൽ കപ്പ് ഫുട്ബോളിൽ ജേതാക്കളായി.



### ജിസ്നയ്ക്ക് സ്വർണം

ഏഷ്യൻ ജൂനിയർ അത്‌ലറ്റിക് മീറ്റിൽ മലയാളി താരം ജിസ്ന മാത്യു സ്വർണവും വെള്ളിയും നേടി.

### കോലി മികച്ച താരം

കഴിഞ്ഞ രണ്ട് സീസണുകളിലെ മികച്ച ഇന്ത്യൻ ക്രിക്കറ്റ് താരത്തിനുള്ള പോളി ഉമ്രിഗർ പുരസ്കാരത്തിന് ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോലി അർഹനായി.

### മിതാലിക്ക് റെക്കോർഡ്

ട്വന്റി–20 അന്താരാഷ്ട്ര ക്രിക്കറ്റിൽ 2000 റൺസ് തികയ്ക്കുന്ന ആദ്യ ഇന്ത്യൻ താരം എന്ന റെക്കോഡ് മിതാലി രാജ് സ്വന്തമായി. പുരുഷ ക്രിക്കറ്റിൽ ഇന്ത്യൻ താരങ്ങൾ ഈ നേട്ടം കൈവരിച്ചിട്ടില്ല.

### ഏറ്റവും പ്രായം കുറഞ്ഞ ഗ്രാൻഡ് മാസ്റ്റർ

ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഗ്രാൻഡ് മാസ്റ്റർ, ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ രണ്ടാമത്തെ ഗ്രാൻഡ് മാസ്റ്റർ



എന്നീ വിശേഷണങ്ങൾ ആർ.പ്രഗ്നാനന്ദയ്ക്ക് സ്വന്തമായി. 12 വയസ്സും 10 മാസവും 13 ദിവസവുമാണ് പ്രായം.

## വാർത്താകൗതുകം

### ന്യൂസിലൻഡ് പ്രധാനമന്ത്രി പെൺകുഞ്ഞിന് ജന്മം നൽകി

ലോകചരിത്രത്തിൽ പേരുചേർത്തുകൊണ്ട് ന്യൂസിലൻഡ് പ്രധാനമന്ത്രി ജസീന്താ ആർഡേൺ അമ്മയായി. ലോകചരിത്രത്തിൽ ഈ പ്രത്യേകത സ്വന്തമായ രണ്ടാമത്തെ വനിതയാണവർ.

### സൗദി വനിതകൾക്ക് കാറോടിക്കാൻ അനുമതി

സ്ത്രീകൾക്ക് വാഹനമോടിക്കാൻ വിലക്കുള്ള ഏക രാജ്യം എന്ന് പേരുദോഷത്തിന് വിരാമമിട്ടുകൊണ്ട് സ്ത്രീകൾക്ക് വാഹനമോടിക്കുന്നതിന് അനുമതി നൽകി. ആദ്യദിനം തന്നെ ഡ്രൈവിങ് ലൈസൻസുമായി അരലക്ഷത്തോളം പേർ വണ്ടിയോടിച്ചു എന്നാണ് കണക്ക്.



# സമകാലികം

* കേരളത്തിൽ അന്താരാഷ്ട്ര യോഗദിനാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്ന നഗരം– കൊച്ചി (ഇന്ത്യ–ഡെറാഡൂൺ)
* വിവാദ പ്രസ്താവനയെത്തുടർന്ന് അറസ്റ്റിലായ ത



മിഴ്നടൻ– മൻസൂർ അലി ഖാൻ
* ലോകകപ്പ് ഫുട്ബോളിൽ ഒരു ലാറ്റിനമേരിക്കൻ രാജ്യത്തെ തോൽപിച്ച ആദ്യ ഏഷ്യൻ രാജ്യം– ജപ്പാൻ
* ഡൽഹി ലഫ്.ഗവർണർ– അനിൽ ബെയ്ജാൾ
* ഇന്ത്യ ടുഡേ ഗ്രൂപ്പ് ഏർപ്പെടുത്തിയ മികച്ച പാലുൽപാദക സംസ്ഥാനത്തിനുള്ള അവാർഡ് നേടിയത് – കേരളം
* 2020–ൽ തുറക്കുമെന്ന് പ്രതീക്ഷിക്കുന്ന റോതംഗ് തുരങ്കം ഏത് സംസ്ഥാനത്താണ്– ഹിമാചൽ പ്രദേശ്
* കാടുമുതൽ കടലുവരെ എന്ന ലേഖന സമാഹാരം രചിച്ചത്– ഡോ.എ.ലത
* കേശവദേവ് ട്രസ്റ്റിന്റെ പുരസ്കാരങ്ങൾക്ക് അർഹരായത്– പ്രഭാവർമയും മോഹൻലാലും
* കശ്മീരിൽ വെടിയേറ്റ് മരിച്ച മുതിർന്ന മാധ്യമ പ്രവർത്തകൻ– ഷുജാത് ബുഹാരി (റൈസിങ് കശ്മീർ എന്ന പത്രത്തിന്റെ എഡിറ്ററാണ് ഇദ്ദേഹം)
* തുഞ്ചത്ത് എഴുത്തച്ഛൻ ശ്രേഷ്ഠ പുരസ്കാരത്തിന് അർഹനായത്– തിരൂർ ദിനേശ്
* ജനറൽ മോട്ടോഴ്സിന്റെ ചീഫ് ഫിനാൻസ് ഓഫീസറായി നിയമിതയായ ഇന്ത്യൻ വംശജ– ദിവ്യ സൂര്യദേവര
* സാൻഫ്രാൻസിസ്കോയിൽ മേയറായ ആദ്യത്തെ കറുത്ത വംശജ– ലണ്ടൻ ബ്രീഡ്
* ഊബർ ടെക്നോളജീസിന്റെ ഇന്ത്യ–ദക്ഷിണേഷ്യ പ്രസിഡന്റായി നിയമിതനായത്– പ്രദീപ് പരമേശ്വരൻ
* ജന്തുവർഗീകരണ ശാസ്ത്രത്തിൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡോ.ഇ.കെ.ജാനകി അമ്മാൾ പുരസ്കാരത്തിന് അർഹനായത്– പി.ടി.ചെറിയാൻ
* യുഎൻ മനുഷ്യാവകാശ കൗൺസിലിൽനിന്ന് പിൻമാറിയ രാജ്യം– യുഎസ്എ
* 3000 കോടി രൂപയുടെ വായ്പാത്തട്ടിപ്പുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ബാങ്ക് ഓഫ് മഹാരാഷ്ട്ര മാനേജിങ് ഡയറക്ടർ– രവീന്ദ്ര മറാഠ
* അന്താരാഷ്ട്ര യോഗദിനത്തിൽ ഒരു ലക്ഷത്തിലേറെപ്പേർ പങ്കെടുത്ത യോഗ നടന്നത് എവിടെയാണ്– കോട്ട (രാജസ്ഥാൻ)
* ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ പേരിലുള്ള ഒളിമ്പ്യൻ അവാർഡിന് അർഹയായത്– എം.ഡി.വത്സമ്മ
* ഏത് രാജ്യത്തിന്റെ പ്രധാനമന്ത്രിയാണ് ജിസെപ്പി കോണ്ടെ– ഇറ്റലി
* ഏഷ്യൻ ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് വേദിയായത്– ജിഫു (ജപ്പാൻ)
* 2018 ലോകകപ്പ് ഫുട്ബോളിന്റെ ഉദ്ഘാടനം നിർവഹിച്ചത്– വ്ളാഡിമിർ പുടിൻ
* 2018 ലോകകപ്പ് ഫുട്ബോളിന്റെ ഔദ്യോഗിക ചിഹ്നം– സാബിവാക്ക
* 2018 ലോകകപ്പ് ഫുട്ബോളിന്റെ ഔദ്യോഗിക പന്ത്– ടെൽസ്റ്റാർ 18
* ഇന്ത്യയിലെ പത്താമത്തെ സ്മാർട് സിറ്റി ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ പ്രധാനമന്ത്രി എവിടെയാണ് ഉദ്ഘാടനം ചെയ്തത് – റായ്പൂർ
* 115 ഗ്രാമങ്ങളെ കേന്ദ്രമാക്കി സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ആരംഭിച്ച പദ്ധതി– സ്വജൽ
* യൂറോപ്യൻ യൂണിയൻ ഫിലിം ഫെസ്റ്റിവലിന് വേദിയാകുന്ന ഇന്ത്യൻ നഗരം– ന്യൂഡൽഹി
* നീതി ആയോഗിന്റെ വാട്ടർ മാനേജ്മെന്റ് ഇൻഡക്സ് റിപ്പോർട്ട് പ്രകാരം ഒന്നാം സ്ഥാനത്ത് എത്തിയ സംസ്ഥാനം– ഗുജറാത്ത്
* അടുത്തിടെ സേവനം അവസാനിപ്പിക്കുന്നതായി പ്രഖ്യാപിച്ച മെസേജിങ് ആപ്ലിക്കേഷൻ– യാഹു മെസഞ്ചർ
* ഇന്ത്യൻ വ്യോമസേനയുടെ ദക്ഷിണേന്ത്യയിൽനിന്നുള്ള ആദ്യ വനിതാ പൈലറ്റ് – മേഘ്ന ഷാൻബാ



ഗ് (കർണാടകം)
* വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി കേരള സംസ്ഥാന സാക്ഷരതാമിഷൻ ആരംഭിച്ച പദ്ധതി– അക്ഷരസാന്ത്വനം
* ജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം ലക്ഷ്യമിട്ട് ജൈവം നിർമലം എന്ന പദ്ധതി ആരംഭിച്ചതെവിടെ– വെള്ളത്തൂവൽ (ഇടുക്കി)
* ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള സാക്ഷരതാ മിഷന്റെ സാക്ഷരതാ പദ്ധതി– ചങ്ങാതി
* ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിച്ച സംസ്ഥാനം– തെലങ്കാന
* സ്റ്റട്ട്ഗർട്ട് ഓപ്പൺ ടെന്നീസ് കിരീടം (2018) നേടിയത്– റോജർ ഫെഡറർ
* അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന സ്കോർ നേടിയ രാജ്യം– ഇംഗ്ലണ്ട് (481/6)
* ഖേലോ ഇന്ത്യയുടെ ഭാഗമായി ആരംഭിക്കുന്ന പ്രഥമ പാരാ നാഷണൽ ഗെയിംസിന്റെ വേദി– ബംഗലൂരു
* അനാസി സ്ഥാപക ചെയർമാൻ ചൗധരി ധാരാസിങിന്റെ സ്മരണാർഥം ഏർപ്പെടുത്തിയ രാഷ്ട്രസേവാ പുരസ്കാരത്തിന് അർഹയായ പ്രശസ്ത ഗൈ



നക്കോളജിസ്റ്റ്– ഡോ.ശാന്തമ്മ മാത്യു
* ഉടൻ പുറത്തിറങ്ങാൻ പോകുന്ന ഇന്ത്യയുടെ സ്വന്തം ജിപിഎസ് സംവിധാനം– നാവിക്
* ഏത് സ്ഥാപനമാണ് ഭാരത സർക്കാരിനുവേണ്ടി ജിപിഎസ് വികസിപ്പിക്കുന്നത്– ഐഎസ്ആർഒ
* ക്ലീൻ ആൻഡ് ഗ്രീൻ ഗ്രാമപഞ്ചായത്തുകൾക്ക് തുടക്കം കുറിച്ച ജില്ല– തൃശ്ശൂർ
* സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40–ൽനിന്ന് 42 ആയി ഉയർത്തിയ സംസ്ഥാനം– ഹരിയാന
* മേഘാലയ സർക്കാരിൽ ക്യാബിനറ്റ് പദവിയുള്ള അഡ്വൈസറായി നിയമിതനായത്– സി.വി.ആനന്ദ ബോസ്
* യുപിഎസ്‌സിയുടെ ആക്ടിങ് ചെയർമാനായി നിയമിതനായത്– അരവിന്ദ് സക്സേന
* എഡ്യുക്കേഷൻ ഓഫ് ആൻ അംബാസഡർ– റിഫ്ളക്ഷൻസ് ഓൻ ഹയർ എഡ്യുക്കേഷൻ റിഫോംസ് ഇൻ കേരള എന്ന പുസ്തകം രചിച്ചത്– ടി.പി.ശ്രീനിവാസൻ
* നാളികേര വികസന ബോർഡ് സിഇഒ ആയി നിയമിതനായത്– രാജു നാരായണ സ്വാമി
* ഫൊക്കാന മലയാള രത്നം പുരസ്കാരത്തിന് അർഹനായത്– രമേശ് ചെന്നിത്തല
* മുൻ കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ഏത് സംസ്ഥാനത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി. ജനറൽ സെക്രട്ടറിയായിട്ടാണ് കോൺഗ്രസ് നേതൃത്വം നിയോഗിച്ചത്– ആന്ധ്രാ പ്രദേശ്
* ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്ന നിയമ കമ്മിഷന്റെ അധ്യക്ഷൻ– ജസ്റ്റിസ് ബി.എസ്.ചൗഹാൻ
* യുഎസ് പ്രതിരോധ സെക്രട്ടറി– ജെയിംസ് മാറ്റിസ്

(പേജ് 10ൽ നിന്ന്)

5. അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്ന നോവലിലെ പ്രധാന കഥാപാത്രമാണ്:
(എ) ശ്രീരാമൻ (ബി) പരമേശ്വരൻ
(സി) ശ്രീകൃഷ്ണൻ (ഡി) നീലകണ്ഠൻ
6. മഹാശ്വേതാദേവിയ്ക്ക് ജ്ഞാനപീഠ പുരസ്കാരം കിട്ടിയ വർഷം:
(എ) 1996 (ബി) 1998
(സി) 2008 (ഡി) 2016
7. മാലി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) കെ മാധവൻനായർ (ബി) വി മാധവൻനായർ
(സി) വി മധുസൂദനൻനായർ
(ഡി) എം വാസുദേവൻനായർ
8. തന്നിരിക്കുന്ന വാക്യത്തിൽ തെറ്റായ ഭാഗം ഏത്?
(എ) സ്കൂളും പരിസരവും
(ബി)വൃത്തിയായി സൂക്ഷിക്കാൻ
(സി)ഓരോ കുട്ടികളും (ഡി)ശ്രദ്ധിക്കണം
9. 'പുതിയ കിണറ്റിൽ വെള്ളം തീരെയില്ല' എന്നതിന്റെ ശരിയായ ഇംഗ്ലീഷ് വിവർത്തനമാണ്:
(എ) There is little water in the new well
(ബി) There is a little water in the new well
(സി) There is some water in the new well
(ഡി) There is not water in the new well
10. `To let the cat out of the bag'-എന്നതിന്റെ ശരിയായ അർത്ഥമാണ്:
(എ) വിഷമങ്ങൾ പുറത്തുപറയുക
(ബി) രഹസ്യം പുറത്തറിയിക്കുക
(സി) തെറ്റിനെ ന്യായീകരിക്കുക
(ഡി) ബാഗിൽനിന്ന് പൂച്ചയെ പുറത്തെടുക്കുക

## Answers

1 (x) 2 (c) 3 (d) 4 (b) 5 (d) 6 (a) 7 (b) 8 (c) 9 (a) 10 (c)

# എൽഡി ക്ലർക്ക്

## വിവിധം (ആലപ്പുഴ, ഇടുക്കി, കോഴിക്കോട് 29-9-2017)

1. മേയ്നാമത്തിന് ഉദാഹരണം
(എ) മണ്ണെണ്ണ (ബി) വെള്ളം
(സി) നെയ്യ് (ഡി) വെണ്ണ
2. 'പ്രിയജനവിരഹം' എന്ന സമസ്തപദത്തിന്റെ വിഗ്രഹാർത്ഥം
(എ) പ്രിയജനത്തിന്റെ വിരഹം
(ബി) പ്രിയരായ ജനങ്ങളുടെ വിരഹം
(സി) പ്രിയജനത്താലുള്ള വിരഹം
(ഡി) പ്രിയജനങ്ങളുടെ വിരഹം
3. ശരിയായ പദപ്രയോഗം കണ്ടെത്തുക
(എ) പശ്ചാത്താപം (ബി) പശ്ചരാത്താപം
(സി) പശ്ച്ചാത്താപം (ഡി) പശ്ച്ചാത്താപം
4. ശരിയായ വാക്യപ്രയോഗം കണ്ടെത്തൽ:
(എ) മദ്യം തൊട്ടാൽ രുചിക്കുക ചെയ്യരുത്
(ബി) മദ്യം തൊടുകയോ രുചിക്കുകയോ ചെയ്യരുത്
(സി) മദ്യം തൊട്ട് രുചിക്കുക ചെയ്യരുത്
(ഡി) മദ്യം തൊടുകയോ രുചിച്ചിട്ടോ ചെയ്യരുത്
5. അമ്മയുടെ പര്യായപദമല്ലാത്തത്
(എ) ജനയിത്രി (ബി) ജനനി
(സി) ജനയിതാവ് (ഡി) ജനിത്രി
6. എം ടി വാസുദേവൻ നായരുടെ 'രണ്ടാമൂഴം' എന്ന നോവലിലെ കേന്ദ്ര കഥാപാത്രം:
(എ) ഭീമൻ (ബി) സഹദേവൻ
(സി) അർജ്ജുനൻ (ഡി) നകുലൻ
7. 'കേരളപാണിനി' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
(ബി) എ ആർ രാജരാജവർമ്മ
(സി) രാജാ രവിവർമ്മ (ഡി) വെൺമണി മഹൻ നമ്പൂതിരി
8. 2015-ലെ വയലാർ അവാർഡ് നേടിയ കൃതി:
(എ) ആടുജീവിതം (ബി) മനുഷ്യന് ഒരു ആമുഖം
(സി) ആയുസ്സിന്റെ പുസ്തകം
(ഡി) കപ്പലിനെക്കുറിച്ചൊരു വിചിത്ര പുസ്തകം
9. ശരിയായ വിവർത്തനം എഴുതുക
`Barking dog seldom bite'
(എ) കുരയ്ക്കും പട്ടി കടിക്കും
(ബി) കുരയ്ക്കും പട്ടി ചിലപ്പോൾ കടിക്കും
(സി) കുരയ്ക്കും പട്ടി കടിക്കില്ല
(ഡി) കുരയ്ക്കും പട്ടി ഒരു നാളും കടിക്കില്ല
10. ശരിയായ വിവർത്തനം എഴുതുക
As you sow, so shall you reap:
(എ) വിതച്ചതേ കൊയ്യൂ
(ബി) വിതച്ചെങ്കിൽ മാത്രമേ കൊയ്യൂ
(സി) വിതച്ചതേ കൊയ്യാവൂ
(ഡി) വിതച്ചാൽ കൊയ്യാനും കഴിയും

## Answers

1 (b) 2 (d) 3 (a) 4 (b) 5 (c) 6 (a) 7 (b) 8 (b) 9 (c) 10 (a)

# അസിസ്റ്റന്റ്

## (കന്നഡ അറിയാവുന്നത്) കേരള പബ്ലിക് സർവീസ് കമ്മിഷൻ (18-12-2017)

1. താഴെ പറയുന്നവയിൽ ശരിയായ പദം ഏത്?
(എ) ലാഞ്ചന (ബി) വിമ്മിഷ്ടം
(സി) നിഘണ്ഡു (ഡി) യാദൃച്ഛികം
2. ശരിയായ വാക്യം ഏത്?
(എ) എല്ലാ ബുധനാഴ്ചതോറും ഞങ്ങൾ ചന്തയിൽ പോവാറുണ്ട്.
(ബി) വേറെ ഗത്യന്തരമില്ലാഞ്ഞിട്ടാണ് അവൻ നാടുവിട്ടത്
(സി) പരീക്ഷ കഠിനമായതാണ് കുട്ടികളുടെ തോൽവിക്ക് കാരണം
(ഡി) ഏകദേശം നൂറോളംപേർ വിനോദയാത്രയിൽ പങ്കെടുത്തു.
3. ലജ്ജ എന്ന അർത്ഥം വരുന്ന പദമേത്?
(എ) രൂപ (ബി) ദ്രുമം
(സി) രിപു (ഡി) തഥ്യ
4. താഴെ പറയുന്നവയിൽ ജലത്തിന്റെ പര്യായമല്ലാത്തത്
(എ) അംബു (ബി) സലിലം
(സി) നളിനം (ഡി) തോയം
5. സൗമ്യം എന്ന പദത്തിന്റെ വിപരീതപദമേത്?
(എ) സ്ഥൂലം (ബി) തീക്ഷ്ണം
(സി) ആർദ്രം (ഡി) കഠിനം
6. 'ദീപാളി കുളിക്കുക' എന്ന ശൈലിയുടെ അർത്ഥം
(എ) ദീപാവലി ആഘോഷിക്കുക (ബി) ദീപാവലിക്ക് കുളിക്കുക
(സി) വിറ്റുപെറുക്കി അന്യരെ സഹായിക്കുക
(ഡി) ധൂർത്തടിച്ച് നശിപ്പിക്കുക
7. കന്മതിൽ എന്ന പദം പിരിച്ചെഴുതുന്നത്
(എ) കൽ+മതിൽ (ബി) കൻ+മതിൽ
(സി) കല്ല്+മതിൽ (ഡി) കന്+മതിൽ
8. 'കാലേൽ പിടിച്ചാൽ തോളേൽ കേറും' എന്ന കടങ്കഥകൊണ്ട് അർത്ഥമാക്കുന്നത്
(എ) തേങ്ങ (ബി) ചിരവ
(സി) ചട്ടുകം (ഡി) കുട
9. കടുത്ത വേനലിൽ ചെടികൾ ഉണങ്ങി നശിക്കും. കടുത്ത വേനലിൽ വൃക്ഷങ്ങൾ ഇലപൊഴിക്കും-ഈ വാക്യങ്ങൾ ചേർത്തെഴുതിയാൽ
(എ) കടുത്ത വേനലിൽ ചെടികൾ ഉണങ്ങി നശിച്ച് വൃക്ഷങ്ങൾ ഇല പൊഴിക്കും
(ബി) വേനൽ കടുക്കുമ്പോൾ ചെടികളും വൃക്ഷങ്ങളും ഇലപൊഴിച്ച് നശിക്കും
(സി) കടുത്ത വേനലിൽ ചെടികൾ ഉണങ്ങി നശിക്കുകയും വൃക്ഷങ്ങൾ ഇല പൊഴിക്കുകയും ചെയ്യും
(ഡി) കടുത്ത വേനലിലും ചെടികളും വൃക്ഷങ്ങളും ഇലപൊഴിക്കുകയും നശിക്കുകയും ചെയ്യും
10. 'അവനവനാത്മസുഖത്തിനാചരിക്കുന്നവ' - പിരിച്ചെഴുതുക
(എ) അവനവ+നാത്മസുഖത്തി+നാചരിക്കുന്നവ
(ബി) അവനവൻ+ആത്മസുഖത്തിന്+ആചരിക്കുന്നവ
(സി) അവനവൻ+നാത്മസുഖത്തിന്+ആചരിക്കുന്നവ
(ഡി) അവനവൻ+ആത്മസുഖത്തിൽ+ആചരിക്കുന്നവ

## Answers

1 (d) 2 (c) 3 (a) 4 (c) 5 (b) 6 (d) 7 (a) 8 (d) 9 (c) 10 (b)

# എൽഡി ക്ലർക്ക്

## വിവിധം (4-01-2014)

1. What a dirty city എന്ന വാക്യത്തിന്റെ ഏറ്റവും ഉചിതമായ മലയാള വാക്യമേത്?
(എ) എന്തൊരു വൃത്തികെട്ട നഗരം
(ബി) എത്ര വൃത്തികെട്ട നഗരം
(സി) എന്തു വൃത്തികെട്ട നഗരം
(ഡി) എങ്ങനെ വൃത്തികെട്ട നഗരം
2. കോവിലൻ ആരുടെ തൂലികാനാമമാണ്?
(എ) വി വി അയ്യപ്പൻ (ബി) പി അയ്യനേത്ത്
(സി) എ അയ്യപ്പൻ (ഡി) അയ്യപ്പപ്പണിക്കർ
3. 'പപ്പു' ഏത് കൃതിയിലെ കഥാപാത്രമാണ്?
(എ) ഒരു ദേശത്തിന്റെ കഥ
(ബി) ഒരു തെരുവിന്റെ കഥ
(സി) ഏണിപ്പടികൾ (ഡി) ഓടയിൽനിന്ന്
4. താഴെ കൊടുത്തവയിൽ ഏറ്റവും ഉയർന്ന തുകയുള്ള സാഹിത്യ പുരസ്കാരമേത്?
(എ) വള്ളത്തോൾ അവാർഡ്
(ബി) എഴുത്തച്ഛൻ പുരസ്കാരം
(സി) സരസ്വതി സമ്മാൻ (ഡി) ജ്ഞാനപീഠം
5. 'രാവിലെ' എന്ന പദം പിരിച്ചെഴുതുക:
(എ) രാവിൽ + എ (ബി) രാവ് + ലെ
(സി) രാവ് + എ (ഡി) രാവിൽ + ലെ
6. താഴെ കൊടുത്തവയിൽ ശരിയായ പദമേത്?
(എ) പുനർചിന്ത (ബി) പുനർച്ചിന്ത
(സി) പുനശ്ചിന്ത (ഡി) പുനച്ചിന്ത
7. 'അളവ്' എന്നർത്ഥംവരുന്ന പദമേത്?
(എ) പരിണാമം (ബി) പരിമാണം
(സി) പരിണയം (ഡി) പരിമളം
8. താഴെ കൊടുത്തവയിൽ തെറ്റായ വാക്യപ്രയോഗമേത്?
(എ) ഇംഗ്ലീഷിനെന്നപോലെ മലയാളത്തിലും തെറ്റുകൾ വരാം
(ബി) ഇംഗ്ലീഷിലും മലയാളത്തിലും തെറ്റുകൾ വരാം
(സി) ഇംഗ്ലീഷിലെപോലെ മലയാളത്തിലും തെറ്റുകൾ വരാം
(ഡി) ഇംഗ്ലീഷിലെപോലെ മലയാളത്തിനും തെറ്റുകൾ വരാം
9. 'തീവണ്ടി' എന്ന നാമത്തെ വിഗ്രഹിച്ചെഴുതുന്നതെങ്ങനെ?
(എ) തീകൊണ്ടുള്ള വണ്ടി
(ബി) തീയാൽ ഓടിക്കപ്പെടുന്ന വണ്ടി
(സി) തീ ഉള്ള വണ്ടി
(ഡി) തീയുംകൊണ്ട് ഓടുന്ന വണ്ടി
10. 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന മലയാളശൈലിയുടെ ഇംഗ്ലീഷ് പ്രയോഗമേത്?
(എ) Glitterings all are not gold
(ബി) All glitterings are not gold
(സി) Not gold all are glitterings
(ഡി) All glitters are not gold

## Answers

1 (a) 2 (a) 3 (d) 4 (d) 5 (a) 6 (a) 7 (b) 8 (x) 9 (b) 10 (x) edited answer 4 (c)

# എൽഡി ക്ലർക്ക്

## വിവിധം ( എറണാകുളം 4-01-2014)

1. 'നിണം' എന്ന് അർത്ഥം വരുന്ന പദം
(എ) സലിലം (ബി) ഏണം
(സി) ധര (ഡി) രുധിരം
2. ശരിയായ പദം എഴുതുക:
(എ) പാദസരം (ബി) പാദസ്സരം
(സി) പാദസൊരം (ഡി) പാദസ്വരം
3. I didn't see any reason to disbelieve his statement –ഈ വാക്യത്തിന്റെ ഉചിതമായ തർജ്ജമ ഏത്?
(എ) അയാളുടെ പ്രസ്താവന വിശ്വസിക്കാൻ ഞാൻ കാരണം കാണുന്നില്ല
(ബി) അയാളുടെ പ്രസ്താവന ഞാൻ വിശ്വസിക്കുന്നില്ല
(സി) അയാളുടെ പ്രസ്താവന വിശ്വസിക്കാതിരിക്കാൻ ഞാൻ കാരണമൊന്നും കാണുന്നില്ല
(ഡി) അയാളുടെ പ്രസ്താവനയിൽ വിശ്വസനീയമായ കാരണമൊന്നും ഞാൻ കാണുന്നില്ല
4. പെട്രോൾ വേഗത്തിൽ കത്തുന്നതാണ്-ഇതിന് സമാനമായ ഇംഗ്ലീഷ് വാക്യം:
(എ) Petrol is inflammatory
(ബി) Petrol is highly inflammable
(സി) Petrol is not inflammable
(ഡി) Petrol causes inflammation
5. അമ്മ കട്ടിലിൽ ഇരുന്നു-ഈ വാക്യത്തിൽ വന്നിരിക്കുന്ന വിഭക്തി ഏത്?
(എ) പ്രയോജിക (ബി) ആധാരിക
(സി) സംയോജിക (ഡി) പ്രതിഗ്രാഹിക
6. 'ദീപാളികുളിക്കുക' എന്ന് അർത്ഥംവരുന്ന ശൈലി
(എ) പിശുക്ക് കാണിക്കുക (ബി) ധൂർത്തു കാണിക്കുക
(സി) മിതമായി ചിലവാക്കുക
(ഡി) ആർത്തി കാണിക്കുക
7. കണ്ടുവെങ്കിൽ ഇതിലെ സന്ധി:
(എ) ആദേശസന്ധി (ബി) ലോപസന്ധി

(സി) ആഗമസന്ധി (ഡി) ദിത്വസന്ധി

8. 'ചന്ത്രക്കാരൻ' ഏതു കൃതിയിലെ കഥാപാത്രമാണ്?
(എ) രാമരാജബഹദൂർ (ബി) ഇന്ദുലേഖ
(സി) ശാരദ (ഡി) ധർമ്മരാജ

9. 2012-ലെ കേരള സാഹിത്യ അക്കാദമി അവാർഡുനേടിയ നോവൽ:
(എ) ശ്യാമമേഘം (ബി) അന്ധകാരനഴി
(സി) കുട്ടിപ്പട്ടാളത്തിന്റെ കേരള പര്യടനം
(ഡി) ഉപ്പന്റെ കൂവൽ വരയ്ക്കുന്നു

10. 'കേരളപാണിനി' ആരുടെ തൂലികാനാമമാണ്?
(എ) കേരളവർമ്മ വലിയകോയിതമ്പുരാൻ
(ബി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(സി) സി വി രാമൻപിള്ള
(ഡി) എ ആർ രാജരാജവർമ്മ

## Answers

1 (d) 2 (a) 3 (c) 4 (b) 5 (b) 6 (b) 7 (c) 8 (d) 9 (b) 10 (d)

# എൽഡി ക്ലർക്ക്

## (കന്നഡ അറിയാവുന്നത്)
## വിവിധം (26.08.2016)

1. 'അൽഫോൺസച്ചൻ' എന്ന കഥാപാത്രം ഏതു നോവലിൽ?
(എ) കേശവന്റെ വിലാപങ്ങൾ
(ബി) രാവും പകലും
(സി) ദൈവത്തിന്റെ വികൃതികൾ
(ഡി) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

2. 'തിക്കോടിയൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആര്?
(എ) എം കെ മേനോൻ
(ബി) പി കുഞ്ഞനന്തൻനായർ
(സി) പി സി കുട്ടികൃഷ്ണൻ
(ഡി) സുബ്രഹ്മണ്യൻ നമ്പൂതിരി

3. 'കേരള വാല്മീകി' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ :
(എ) ജി ശങ്കരക്കുറുപ്പ്
(ബി) ഇടശ്ശേരി ഗോവിന്ദൻനായർ
(സി) ഉള്ളൂർ എസ് പരമേശ്വരയ്യർ
(ഡി) വള്ളത്തോൾ നാരായണ മേനോൻ

4. 2014 ലെ വയലാർ അവാർഡ് നേടിയ സാഹിത്യ കൃതി:
(എ) ആരാച്ചാർ
(ബി) റഫീക് അഹമ്മദിന്റെ കവിതകൾ
(സി) ഫ്രാൻസീസ് ഇട്ടിക്കോര
(ഡി) ആടുജീവിതം

5. 'മനുഷ്യന് ഒരു ആമുഖം' എന്ന നോവലിന്റെ കർത്താവ്:
(എ) സി വി ബാലകൃഷ്ണൻ
(ബി) ടി പി രാമകൃഷ്ണൻ
(സി) കെ ആർ മീര (ഡി) സുഭാഷ്ചന്ദ്രൻ

6. താഴെപ്പറയുന്നവരിൽ ജ്ഞാനപീഠം പുരസ്കാരം ലഭിക്കാത്ത സാഹിത്യകാരൻ:
(എ) എസ് കെ പൊറ്റെക്കാട്ട് (ബി) ഒ വി വിജയൻ
(സി) ഒ എൻ വി കുറുപ്പ്
(ഡി) എം ടി വാസുദേവൻനായർ

7. ശരിയായ പദമേത്
(എ) അജാനബാഹു (ബി) ആജാനബാഹു
(സി) ആജാനുബാഹു (ഡി) അജാനുബാഹു

8. ശരിയായ വാക്യമേത്
(എ) മണ്ണിടിച്ചിലിൽ വീടു നഷ്ടപ്പെട്ടവരെ പുനഃരധിവസിപ്പിച്ചു
(ബി) അവൻ സ്വയം ആത്മഹത്യ ചെയ്തില്ല
(സി) സമ്മേളനത്തിൽ ഏകദേശം ആയിരത്തോളം പേർ പങ്കെടുത്തു
(ഡി) ബുദ്ധിയും, സൗന്ദര്യവും, വ്യക്തിത്വമുള്ളതുമായ നായകൻ

9. താഴെപ്പറയുന്നവയിൽ 'അർദ്ധവിരാമം' എന്ന ചിഹ്നം പ്രയോഗിച്ചിരിക്കുന്ന വാചകം:
(എ) ഹൃദയം മാറ്റിവയ്ക്കൽ: പരിശോധനാസമിതി ആശുപത്രി സന്ദർശിച്ചു
(ബി) കണ്ണീരുണങ്ങാതെ ഫ്രാൻസ്; മൗനമാചരിച്ച് ലോകം
(സി) പഴം തിന്നുന്ന ആ ബാലൻ – ബനാന ബോയ് – ഇനി ഓർമ്മച്ചിത്രം
(ഡി) അഹിംസ, സത്യാഗ്രഹം എന്നീ സമരായുധങ്ങൾ അദ്ദേഹം പ്രയോഗിച്ചു

10. 'കരിമിഴിക്കുരുവി' എന്ന പദം ഏതു സമാസത്തിന് ഉദാഹരണം:
(എ) ഉപമിതസമാസം (ബി) ബഹുവ്രീഹി
(സി) ദ്വന്ദ്വൻ (ഡി) രൂപകസമാസം

11. ശരിയായ പദമേത്?
(എ) പരിണിത പ്രജ്ഞൻ (ബി) പരിണതി പ്രജ്ഞൻ
(സി) പരിണത പ്രജ്ഞൻ (ഡി) പരിണിത പ്രജ്ഞൻ

12. ആദേശസന്ധിക്ക് ഉദാഹരണം:
(എ) പനയോല (ബി) കാറ്റടിക്കുന്നു
(സി) വെണ്ണീർ (ഡി) താമരക്കുളം

13. താഴെപ്പറയുന്നവയിൽ 'തീയ്' എന്ന അർത്ഥം വരാത്ത പദം:
(എ) വഹ്നി (ബി) പാവകൻ
(സി) അനലൻ (ഡി) അനിലൻ

14. തദ്ധിതത്തിന് ഉദാഹരണമല്ലാത്ത പദം:
(എ) മൂപ്പൻ (ബി) വേടൻ
(സി) അടിമത്തം (ഡി) വേണ്ടാതനം

15. താഴെപ്പറയുന്നവയിൽ നിർദ്ദേശികാവിഭക്തിക്ക് ഉദാഹരണം:
(എ) ഭൂമി എന്ന അമ്മ (ബി) കാട്ടിൽ പോയി
(സി) അവനെ കണ്ടു (ഡി) സുഹൃത്തിനോട് പറഞ്ഞു

16. ശരിയായ പദമേത്
(എ) സാമ്യത (ബി) ദൈന്യത
(സി) ജളത (ഡി) അപകർഷത

17. 'To give up' – എന്ന പ്രയോഗത്തിന്റെ അർത്ഥം:
(എ) ഉപേക്ഷിക്കുക (ബി) കൊടുക്കുക
(സി) എടുക്കുക (ഡി) ഉയർത്തിക്കൊടുക്കുക

18. 'Country Cousins' – എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്:
(എ) ഗ്രാമത്തിൽ താമസിക്കുന്ന ആൾ
(ബി) നാട്ടുമ്പുറത്തുകാരൻ (സി) ഗ്രാമീണൻ
(ഡി) പട്ടണത്തിലെ രീതികൾ പരിചയമില്ലാത്ത ആൾ

19. A Book that is shut is but a block – എന്ന ശൈലിയുടെ ശരിയായ മലയാള രൂപം:
(എ) കണ്ണുള്ളപ്പോൾ കണ്ണിനുവിലയില്ല
(ബി) കണ്ണുള്ളവനും കാലിടറും
(സി) കണ്ണുണ്ടായാൽ പോരാ കാണണം
(ഡി) കണ്ണെത്തുന്നിടത്തു കാലെത്തുകയില്ല

20. one good mother is worth hundred school masters – എന്ന വാചകത്തിന്റെ മലയാളം:
(എ) ഒരു നല്ല അധ്യാപകനും നല്ല അമ്മയ്ക്കുതുല്യമല്ല
(ബി) ഒരു നല്ല അമ്മ നൂറു അധ്യാപകരുടെ വിലയുള്ളതാണ്
(സി) ഒരു നല്ല അമ്മ നൂറു അധ്യാപകർക്കു തുല്യമല്ല
(ഡി) ഒരു നല്ല അമ്മ നൂറു അധ്യാപകരുടെ ഒപ്പമാണ്

## Answers

1 (c) 2 (b) 3 (d) 4 (a) 5 (d) 6 (b) 7 (c) 8 (a) 9 (b) 10 (d) 11 (a) 12 (c) 13 (d) 14 (b) 15 (a) 16 (c) 17 (a) 18 (d) 19 (c) 20 (b)

# എൽഡി ക്ലർക്ക്

## (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
## വിവിധ വകുപ്പുകൾ (06.05.2017)

1. ശരിയായ പ്രയോഗമേത്?
(എ) മന്ത്രി അസന്നിഗ്ദമായി പ്രഖ്യാപിച്ചു
(ബി) മന്ത്രി അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു
(സി) മന്ത്രി അസനിഗ്ധമായി പ്രഖ്യാപിച്ചു
(ഡി) മന്ത്രി അസന്നിഗ്ധമായി പ്രഖ്യാപിച്ചു

2. ശരിയായ പദമേത്
(എ) അന്തശ്ചിദ്രം (ബി) അന്തച്ഛിദ്രം
(സി) അന്തശ്ഛിദ്രം (ഡി) അന്തഛിദ്രം

3. 'ഉറൂബ്' ആരുടെ തൂലികാനാമമാണ്?
(എ) പി സി കുട്ടികൃഷ്ണൻ (ബി) വി മാധവൻനായർ
(സി) എം കെ ഗോപിനാഥൻ നായർ
(ഡി) എം ആർ നായർ

4. 2015ലെ വയലാർ അവാർഡ് നേടിയതാര്?
(എ) സുഭാഷ്ചന്ദ്രൻ (ബി) സുഗതകുമാരി
(സി) വിജയലക്ഷ്മി (ഡി) കെ ആർ മീര

5. 'മനുഷ്യനെ' – ഇവിടെയുള്ള വിഭക്തിയേത്?
(എ) സംയോജിക (ബി) ഉദ്ദേശിക
(സി) പ്രതിഗ്രാഹിക (ഡി) ആധാരിക

6. 'കണ്ണീർ' – സന്ധിയേത്?
(എ) ആദേശസന്ധി (ബി) ലോപസന്ധി
(സി) ദിത്വസന്ധി (ഡി) ആഗമസന്ധി

വിവർത്തനം ചെയ്യുക

7. നിറഞ്ഞ മടിശ്ശീലയ്ക്ക് ഒരിക്കലും സുഹൃത്തുക്കൾക്ക് പഞ്ഞമുണ്ടാകില്ല
(എ) A heavy purse gives to a light heart
(ബി) A full purse never lacks friends
(സി) An Empty purse frightens away friends
(ഡി) Wealth makes many friends: poverty drives them all away

8. നല്ല കൂട്ടുകാരൻ നീണ്ട പാതയുടെ നീളം കുറയ്ക്കും.
(എ) Friendship multiply joys and divide griefs
(ബി) The road to a friend's house is never long
(സി) A mercy companion on the road is as good as nag.
(ഡി) A good friend shortens the longest road

9. 'കാചം' – ശരിയായ അർത്ഥമേത്?
(എ) ഗുഹ (ബി) കണ്ണാടി
(സി) ഗുഹ (ഡി) കുട

10. 'മരണം രംഗബോധമില്ലാത്ത ഒരു കോമാളിയാണ്' – 'മഞ്ഞ്' എന്ന നോവലിൽ ഒരു കഥാപാത്രത്തിന്റെ വാക്കുകളാണിവ . ആരുടെ?
(എ) ബുദ്ദു (ബി) വിമല
(സി) സർദാർജി (ഡി) ലീല

## Answers

1 (x) 2 (c) 3 (a) 4 (a) 5 (c) 6 (a) 7 (b) 8 (d) 9 (b) 10 (c)

# എൽഡി ക്ലർക്ക്

## വിവിധം
## (കൊല്ലം, തൃശ്ശൂർ, കാസർകോട് – 01.07.2017)

1. താഴെക്കൊടുത്തവയിൽ തദ്ധിതത്തിന് ഉദാഹരണമല്ലാത്തത് ഏത്?
(എ) പുതുമ (ബി) ബാല്യം
(സി) കള്ളത്തരം (ഡി) സമർത്ഥം

2. വാഗർത്ഥങ്ങൾ എന്ന പദത്തിനെ വിഗ്രഹിക്കുന്നത് എങ്ങനെ?
(എ) വാക്കിന്റെ അർത്ഥങ്ങൾ
(ബി) വാക്കും അർത്ഥവും (സി) വാക്കിന്റെ അർത്ഥം
(ഡി) വാക്കും അർത്ഥങ്ങളും

3. അന്തരിച്ച നേതാവിന് പ്രമാണമർപ്പിച്ചുകൊണ്ടാണ് യോഗം ആരംഭിച്ചത് – ഈ വാക്യത്തിലെ തെറ്റായ പ്രയോഗം ഏത്?
(എ) ആരംഭിച്ചത് (ബി) അന്തരിച്ച
(സി) പ്രമാണം (ഡി) നേതാവിന്

4. താഴെക്കൊടുത്തവയിൽ ശരിയായ പ്രയോഗം ഏത്?
(എ) അതിഥി ദേവോഭവ: (ബി) അധിതി ദേവോഭവ:
(സി) അദിതി ദേവോഭവ: (ഡി) അദിധി ദേവോഭവ:

5. ചോര എന്ന പദത്തിന്റെ പര്യായപദം അല്ലാത്തത് ഏത്?
(എ) രുപഥം (ബി) ശോണിതം
(സി) രുധിരം (ഡി) രോഹിതം

6. 'അർജന്റീനയുടെ ജഴ്സി' എഴുതിയത് ആര്?
(എ) ഖാലിദ് ഹൊസൈനി (ബി) ലയണൽ മെസ്സി
(സി) ബെന്യാമിൻ (ഡി) കെ ആർ മീര

7. വൈശാഖൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് ആര്?
(എ) പൊൻകുന്നം വർക്കി
(ബി) എൻ പി ചെല്ലപ്പൻ നായർ
(സി) സി വി ശ്രീരാമൻ
(ഡി) എം കെ ഗോപിനാഥൻ നായർ

8. 2013ൽ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്കാണ്?
(എ) ആറ്റൂർ രവിവർമ്മ (ബി) എം കെ സാനു
(സി) എം ടി വാസുദേവൻനായർ
(ഡി) ഡോ. എം ലീലാവതി

താഴെക്കൊടുത്തിരിക്കുന്ന ശൈലിയുടെ ശരിയായ ഇംഗ്ലീഷ് വിവർത്തനം എഴുതുക

9. ചെല്ലം പെരുത്താൽ ചിതലരിക്കും:
(എ) Spare the rod and spoil the child
(ബി) Spare the rod and spare the child
(സി) Spare time with a spoiled child
(ഡി) A rod can sometimes spoil a child

10. പോകേണ്ടത് പോയാലേ വേണ്ടത് തോന്നൂ:
(എ) A stitch on time saves nine
(ബി) Make hay while sun shines
(സി) Everybody is wise after the event
(ഡി) Too many cooks spoil the soup

## Answers

1 (b) 2 (b) 3 (c) 4 (a) 5 (d) 6 (c) 7 (d) 8 (b) 9 (a) 10 (c)

# എൽഡി ക്ലർക്ക്

## വിവിധം
## (പത്തനംതിട്ട, പാലക്കാട് – 05.08.2017)

1. ചാടിക്കുന്നു എന്ന പദം താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് വിഭാഗത്തിലാണ്?
(എ) കേവല ക്രിയ (ബി) പ്രയോജക ക്രിയ
(സി) കാരിതം (ഡി) അകാരിതം

2. കരാരവിന്ദം എന്ന പദം വിഗ്രഹിച്ചെഴുതിയാൽ കിട്ടുന്നത്

(എ) കരമാകുന്ന അരവിന്ദം(ബി) കരവും അരവിന്ദവും
(സി) അരവിന്ദം പോലുള്ള കരം
(ഡി) കരത്തിലെ അരവിന്ദം

3. ശരിയായ വാക്യം ഏത്?
(എ) അയാൾ അലക്കിത്തേച്ച വെളുവെളുത്ത ശുഭ്രവസ്ത്രമാണ് ധരിച്ചിരുന്നത്.
(ബി) അയാൾ അലക്കിത്തേച്ച വെളുത്ത ശുഭ്രവസ്ത്രമാണ് ധരിച്ചിരുന്നത്.
(സി) അയാൾ അലക്കിത്തേച്ച വസ്ത്രമാണ് ധരിച്ചിരുന്നത്.
(ഡി) അയാൾ അലക്കിത്തേച്ച വെളുത്ത വസ്ത്രമാണ് ധരിച്ചിരുന്നത്.

4. ശരിയായ പദം ഏത്?
(എ) അടിമത്വം (ബി) അടിമത്ത്വം
(സി) അടിമത്തം (ഡി) അടിമതം

5. നിനദം എന്ന പദത്തിന്റെ അർത്ഥം?
(എ) കണ്ണ് (ബി) മഴ
(സി) വസ്ത്രം (ഡി) നാദം

6. കുഞ്ഞിത്താച്ചുമ്മ എന്ന കഥാപാത്രം ഏതു കൃതിയിലേതാണ്?
(എ) നീലവെളിച്ചം
(ബി) ന്റുപ്പാപ്പായ്ക്കൊരാനേണ്ടാർന്ന്
(സി) ആയിഷുകുട്ടി (ഡി) പൂവമ്പഴം

7. പവനൻ എന്ന തൂലികാനാമത്തിലറിയപ്പെടുന്ന സാഹിത്യകാരൻ?
(എ) ശ്രീകുമാർ (ബി) ജോർജ് വർഗ്ഗീസ്
(സി) പി വി നാരായണൻ നായർ
(ഡി) എം വാസുദേവൻ നായർ

8. സരസ്വതീ സമ്മാനം നേടിയ ആദ്യ മലയാളി?
(എ) സുഗതകുമാരി (ബി) മാധവിക്കുട്ടി
(സി) എം ലീലാവതി (ഡി) ബാലാമണിയമ്മ

9. Poetic Trinity എന്നതിന്റെ മലയാളം
(എ) മൂന്നു കവിതകൾ (ബി) കവിയുടെ പരിശുദ്ധി
(സി) കവിതയുടെ വിശുദ്ധി (ഡി) കവിത്രയം

10. Still waters run deep എന്നതിന്റെ മലയാളത്തിലുള്ള ചൊല്ലാണ്
(എ) മിണ്ടാപ്പൂച്ച കലമുടയ്ക്കും
(ബി) ഒഴുക്കുള്ള വെള്ളത്തിലഴുക്കില്ല
(സി) നിറകുടം തുളുമ്പില്ല
(ഡി) താണനിലത്തേ നീരോടൂ

## Answers

1 (b) 2 (c) 3 (x) 4 (c) 5 (d) 6 (b) 7 (c) 8 (d) 9 (d) 10 (a)

# എൽഡി ക്ലർക്ക്

### വിവിധം (തസ്തികമാറ്റം) 19.08.2017

1. വിഭക്തിക്കുറി കൂടാതുള്ള പദയോഗത്തിന്റെ പേരെന്ത്?
(എ) സന്ധി (ബി) കാരകം
(സി) സമാസം (ഡി) ഭേദകം

2. കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയ
(എ) അകർമ്മക ക്രിയ (ബി) വിശിഷ്ട ക്രിയ
(സി) കേവല ക്രിയ (ഡി) പ്രയോജക ക്രിയ

3. താഴെക്കൊടുത്തിരിക്കുന്നവയിൽ കൃത്തിന് ഉദാഹരണം
(എ) മിതത്വം (ബി) വൈയാകരണൻ
(സി) സന്ദർശനം (ഡി) കീർത്തിമാൻ

4. സമീപം എന്നർത്ഥം വരുന്ന വാക്ക്
(എ) നികടം (ബി) നിഖടം
(സി) നിഗടം (ഡി) നിഘടം

5. പൂരണിതദ്ധിതത്തിന്റെ പ്രത്യയം
(എ) അട്ടെ (ബി) അണം
(സി) അൻ (ഡി) ആം

6. 'പുളിങ്കുരു' പിരിച്ചെഴുതുമ്പോൾ
(എ) പുളിൻ + കുരു (ബി) പുളി + കുരു
(സി) പുളിങ് + കുരു (ഡി) പുളിം + കുരു

7. ഉള്ളൂർ എഴുതിയ സാഹിത്യ ചരിത്രത്തിന്റെ പേര്?
(എ) കേരള സാഹിത്യ ചരിത്രം
(ബി) കേരള ഭാഷാ സാഹിത്യ ചരിത്രം
(സി) ഭാഷാ സാഹിത്യ ചരിത്രം
(ഡി) മലയാള സാഹിത്യ ചരിത്രം

8. 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' ഈ നോവൽ രചിച്ചത്
(എ) വി ജെ ജയിംസ് (ബി) അംബികാസുതൻ മാങ്ങാട്
(സി) റ്റി ഡി രാമകൃഷ്ണൻ (ഡി) സുഭാഷ്ചന്ദ്രൻ

9. ശരിയായ രൂപം എഴുതുക
(എ) അസന്ദിഗ്ദ്ധം (ബി) അസന്നിഗ്ദ്ധം
(സി) അസന്ദിഗ്ധം (ഡി) അസന്നിഗ്ധം

10. ഇലയിട്ടു ചവിട്ടുക എന്ന ശൈലിയുടെ അർത്ഥം
(എ) അനാവശ്യമായിട്ടുള്ളത്
(ബി) തോറ്റതായി സമ്മതിക്കുക
(സി) അതിയായ കഷ്ടപ്പാട്
(ഡി) അറിഞ്ഞുകൊണ്ട് തെറ്റു ചെയ്യുക

## Answers

1 (c) 2 (b) 3 (c) 4 (a) 5 (d) 6 (b) 7 (a) 8 (c) 9 (a) 10 (d)

# എൽഡി ക്ലർക്ക്

### വിവിധം (കോട്ടയം, വയനാട് -26.08.2017)

1. ജാതി വ്യക്തി ഭേദം ഇല്ലാത്ത വസ്തുക്കളെ കുറിക്കുന്ന നാമം ഏതാണ്?
(എ) സാമാന്യനാമം (ബി) സർവ്വനാമം
(സി) മേയനാമം (ഡി) സംജ്ഞാനാമം

2. വിദ്യുച്ഛക്തി എന്ന പദം പിരിച്ചെഴുതേണ്ടത്
(എ) വിദ്യുത് + ശക്തി (ബി) വിദ്യു + ചക്തി
(സി) വിദ്യുത് + ചക്തി (ഡി) വിദ്യു + ശക്തി

3. ശരിയായ പ്രയോഗമേത്?
(എ) ശിരച്ഛേദം (ബി) ശിരച്ഛേദം
(സി) ശിരസ്ഛേദം (ഡി) ശിരച്ഛേധം

4. 'അറിയാനുള്ള ആഗ്രഹം' എന്നതിന്റെ ഒറ്റപ്പദമേത്?
(എ) വിവക്ഷ (ബി) ഉത്സാഹം
(സി) ജിജ്ഞാസ (ഡി) കൗശലം

5. 'ഖാദകൻ' എന്ന പദത്തിന്റെ അർത്ഥമായി വരുന്നതേത്?
(എ) ഭക്ഷിക്കുന്നവൻ (ബി) കുഴിക്കുന്നവൻ
(സി) കൊലയാളി (ഡി) വഞ്ചിക്കുന്നവൻ

6. കാവാലം നാരായണപ്പണിക്കർ രചിച്ച നാടകമേത്?
(എ) കാഞ്ചനസീത (ബി) പാട്ടബാക്കി
(സി) കൂട്ടുകൃഷി (ഡി) ദൈവത്താർ

7. 'നന്തനാർ' എന്നത് ആരുടെ തൂലികാനാമമാണ്?
(എ) കെ സുരേന്ദ്രൻ (ബി) എം കെ മേനോൻ
(സി) പി സി ഗോപാലൻ (ഡി) വി വി അയ്യപ്പൻ

8. പ്രഥമ വള്ളത്തോൾ പുരസ്കാരം നേടിയ കവി ആര്?
(എ) പാലാ നാരായണൻ നായർ
(ബി) എം പി അപ്പൻ
(സി) അക്കിത്തം അച്യുതൻ നമ്പൂതിരി
(ഡി) ഒ എൻ വി

9. "Where there is a will, there is a way" എന്ന ചൊല്ലിനു സമാനമായതേത്?
(എ) മെല്ലെ തിന്നാൽ പനയും തിന്നാം
(ബി) ഒത്തുപിടിച്ചാൽ മലയും പോരും
(സി) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
(ഡി) വിത്തു ഗുണം പത്തു ഗുണം

10. 'താങ്കളെ ഈ തസ്തികയിൽ നിയമിച്ചിരിക്കുന്നു' എന്നതിന് ചേരുന്നത് ഏത്?
(എ) You are selected to this post
(ബി) You are considered to this post
(സി) You are joined to this post
(ഡി) You are appointed to this post

## Answers

1 (c) 2 (a) 3 (b) 4 (c) 5 (a) 6 (d) 7 (c) 8 (a) 9 (c) 10 (d)

# വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ

### (29.05.2015)

1. 'ശ്രീബുദ്ധചരിതം' എന്ന കൃതി രചിച്ചതാര്?
(എ) വള്ളത്തോൾ (ബി) ഉള്ളൂർ
(സി) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
(ഡി) കുമാരനാശാൻ

2. 'തിക്കോടിയൻ' എന്ന തൂലികാനാമത്തിലറിയപ്പെടുന്നതാര്?
(എ) ആർ രാമചന്ദ്രൻനായർ
(ബി) എം കെ മേനോൻ
(സി) കുഞ്ഞനന്തൻനായർ (ഡി) പി വി അയ്യപ്പൻ

3. 'ഭരതവാക്യം' എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?
(എ) ഭരതന്റെ വാക്യം (ബി) ആദ്യഘട്ടം
(സി) സഹോദര വാക്യം (ഡി) അവസാനഘട്ടം

4. താഴെ കൊടുത്തിട്ടുള്ള പദങ്ങളിൽനിന്ന് ശരിയായ പദം എടുത്തെഴുതുക
(എ) സമ്രാട്ട് (ബി) അടിമത്ത്വം
(സി) പതിവൃത (ഡി) പ്രസ്ഥാവം

5. സന്ധി നിർണ്ണയിക്കുക: തിരുവോണം:
(എ) ലോപ സന്ധി (ബി) ആഗമ സന്ധി
(സി) ദിത്വ സന്ധി (ഡി) ആദേശ സന്ധി

6. 'ക്ഷീരനീരന്യായം' എന്നതിന്റെ അർത്ഥം:
(എ) സമഗ്രമായ ചേർച്ച (ബി) തുടർച്ചയായ വ്യാപാരം
(സി) അശാസ്ത്രീയ നിഗമനങ്ങൾ
(ഡി) ആഗ്രഹിച്ചതു വന്നുചേരൽ

7. 'ആരാച്ചാർ' എന്ന നോവൽ എഴുതിയതാര്?
(എ) ഇന്ദുമേനോൻ (ബി) സിതാര എസ്
(സി) കെ ആർ മീര (ഡി) അഷിത

8. 'കഴിഞ്ഞകാലം' എന്ന ആത്മകഥ ആരുടേത്?
(എ) മുണ്ടശ്ശേരി (ബി) വി ടി ഭട്ടതിരിപ്പാട്
(സി) മന്നത്ത് പത്മനാഭൻ
(ഡി) കെ പി കേശവമേനോൻ

9. താഴെ കൊടുത്തിരിക്കുന്ന സാഹിത്യകാരന്മാരിൽ ജ്ഞാനപീഠ പുരസ്കാരം ലഭിക്കാത്തത് ആർക്ക്?
(എ) എം ടി വാസുദേവൻനായർ (ബി) ജി ശങ്കരക്കുറുപ്പ്
(സി) തകഴി ശിവശങ്കരപ്പിള്ള
(ഡി) എസ് കെ പൊറ്റക്കാട്

10. 'കാർവർണ്ണൻ' - സമാസമെഴുതുക:
(എ) ദ്വന്ദ്വസമാസം (ബി) അവ്യയീഭാവൻ
(സി) ബഹുവ്രീഹി (ഡി) ദ്വിഗുസമാസം

## Answers

1 (d) 2 (c) 3 (d) 4 (a) 5 (b) 6 (a) 7 (c) 8 (d) 9 (b) 10 (c)

# എൽഡി ക്ലർക്ക്

### (കന്നഡ അറിയാവുന്നത്)

### വിവിധം (കാസർകോട് -20.06.2015)

1. പിരിച്ചെഴുതിയിരിക്കുന്ന പദത്തിന്റെ ശരിയായ സന്ധി ഏത്?
എൺ + നൂറ്
(എ) ആഗമസന്ധി (ബി) ആദേശസന്ധി
(സി) ദ്വിത്വസന്ധി (ഡി) ലോപസന്ധി

2. 'ലസിതസ്മിതൻ' എന്നതിന്റെ ശരിയായ വിഗ്രഹവാക്യമേത്?
(എ) ലസിതമായ സ്മിതത്തോടു കൂടിയവൻ
(ബി) ലസിതവും സ്മിതവും (സി) ലസിതയുടെ സ്മിതൻ
(ഡി) ലസിതനായ സ്മിതൻ

3. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക:
(എ) ഡിണ്ഢിമം (ബി) ഡിണ്ടിമം
(സി) ഡിണ്ഠിമം (ഡി) ഡിണ്ഡിമം

4. അടിവരയിട്ട പദത്തിന്റെ വിപരീതമെഴുതുക:
"ജ്ഞാതിവധവിഷണ്ണനായിരുന്നു അർജ്ജുനൻ"
(എ) സന്തുഷ്ടൻ (ബി) പ്രസന്നൻ
(സി) ആകൃഷ്ടൻ (ഡി) ഇവയൊന്നുമല്ല

5. അർത്ഥവ്യത്യാസം കണ്ടെത്തി പൂരിപ്പിക്കുക:
പ്രമദം: സന്തോഷം; പ്രമാദം : .......
(എ) ഭയാനകം (ബി) തെറ്റ്
(സി) മദമുള്ളത് (ഡി) പ്രസിദ്ധം

6. തന്നിരിക്കുന്നവയിൽ പൂജക ബഹുവചനമേത്?
(എ) സ്ത്രീകൾ (ബി) പുരുഷന്മാർ
(സി) വേലക്കാർ (ഡി) വൈദ്യർ

7. "ശിഗ്രുപല്ലവം" എന്ന വാക്കിനർത്ഥം:
(എ) മാന്തളിര് (ബി) ചേമ്പിൻതളിര്
(സി) തളിരില (ഡി) മുരിങ്ങത്തളിര്

8. കാരകബന്ധം പറയാത്ത വിഭക്തി:
(എ) സംബന്ധിക (ബി) ഉദ്ദേശിക
(സി) നിർദ്ദേശിക (ഡി) ആധാരിക

9. താഴെ തന്നിരിക്കുന്നതിൽ വന്നിരിക്കുന്ന വിനയെച്ച രൂപമേത്? കാണുകിൽ പറയാം.
(എ) മുൻ വിനയെച്ചം (ബി) പാക്ഷിക വിനയെച്ചം
(സി) തൻ വിനയെച്ചം (ഡി) നടു വിനയെച്ചം

10. തന്നിരിക്കുന്ന പദങ്ങളിൽ പൂരണി തദ്ധിതമേത്?
(എ) ഒന്ന് (ബി) ഒന്നിന്
(സി) ഒന്നാം (ഡി) ഒന്നായത്

11. എഴുത്തുകാരനെ കണ്ടെത്തുക:
'ഓർമ്മയുടെ അറകൾ'
(എ) വൈക്കം മുഹമ്മദ് ബഷീർ (ബി) തോപ്പിൽ ഭാസി
(സി) ജി ശങ്കരക്കുറുപ്പ് (ഡി) ഗോപിനാഥ് മുതുകാട്

12. 'ശ്രീധരൻ' കഥാപാത്രമായ മലയാള നോവൽ
(എ) ഇനി ഞാൻ ഉറങ്ങട്ടെ (ബി) രണ്ടാമൂഴം
(സി) ഒരു ദേശത്തിന്റെ കഥ (ഡി) തലയോട്

13. കുമാരനാശാൻ രചിച്ച നാടകം
(എ) അംബ (ബി) വിചിത്ര വിജയം
(സി) കഥാബീജം (ഡി) കൂട്ടുകൃഷി
14. കേരളത്തിലെ 'ലിങ്കൺ' എന്ന് അഭിപ്രായപ്പെടുന്നത് ആരെ?
(എ) കെ പി യോഹന്നാൻ (ബി) പണ്ഡിറ്റ് കറുപ്പൻ
(സി) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
(ഡി) കെ പാനൂർ
15. 2013ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയത്:
(എ) അക്കിത്തം (ബി) എം ടി വാസുദേവൻനായർ
(സി) എം കെ സാനു (ഡി) പ്രഭാവർമ്മ
16. ഉണ്ണായിവാര്യരുടെ 'നളചരിതം' ആട്ടക്കഥ കാളിദാസശാകുന്തളത്തേക്കാൾ മികച്ച കൃതിയാണെന്ന് അഭിപ്രായപ്പെട്ട നിരൂപകനാര്?
(എ) സുകുമാർ അഴീക്കോട് (ബി) ഗുപ്തൻനായർ
(സി) കെ പി അപ്പൻ (ഡി) ജോസഫ് മുണ്ടശ്ശേരി
17. ശരിയായ തർജ്ജമ എഴുതുക:
`Envy is the sorrow of fools'
(എ) അസൂയ വിഡ്ഢികളുടെ ദുഃഖമാണ്
(ബി) വിഡ്ഢികൾക്ക് അസൂയ ദുഃഖമുണ്ടാക്കുന്നു
(സി) അസൂയാലുക്കളായ വിഡ്ഢികൾ ദുഃഖിക്കുന്നു
(ഡി) വിഡ്ഢികൾക്ക് അസൂയ മാത്രമാണ് ദുഃഖം
18. തന്നിട്ടുള്ള ശൈലി സൂചിപ്പിക്കുന്ന ശരിയായ അർത്ഥമേത്?
'ഊടും പാവും'
(എ) വസ്ത്രം നെയ്തെടുക്കൽ
(ബി) തമ്മിൽ ചേരാതിരിക്കൽ
(സി) ഒന്നുപോലെ ഇഴുകിച്ചേരൽ
(ഡി) ശരിതെറ്റു കലർന്നിരിക്കൽ
19. ഇംഗ്ലീഷ് പദത്തിന് യോജിച്ച അർത്ഥമുള്ള പദം തെരഞ്ഞെടുക്കുക:
Fustigation
(എ) ഒന്നാമത്തേത് (ബി) പുകയ്ക്കൽ
(സി) ശ്വാസംമുട്ടൽ (ഡി) പ്രഹരം
20. ഇംഗ്ലീഷ് ചൊല്ലിന് സമാനമായ പഴഞ്ചൊല്ല് കണ്ടെത്തുക:
``Beggers cannot be choosers''
(എ) ദാനം വാങ്ങുന്ന പശുവിനെ തെരഞ്ഞെടുക്കാൻ നിൽക്കരുത്
(ബി) ദാനം കിട്ടിയ പശുവിന്റെ പല്ലെണ്ണരുത്
(സി) തെരഞ്ഞെടുക്കുന്നവന് ദാനം വാങ്ങാൻ കഴിയില്ല
(ഡി) ദാനത്തിന്റെ മുതൽ തെരഞ്ഞെടുക്കാൻ കഴിയില്ല

## Answers

1 (b) 2 (a) 3 (d) 4 (b) 5 (b) 6 (d) 7 (d) 8 (a) 9 (b) 10 (c) 11 (a) 12 (c) 13 (b) 14 (b) 15 (c) 16 (c) 17 (a) 18 (c) 19 (d) 20 (b)

# എൽഡി ക്ലർക്ക്

## (കന്നഡയും മലയാളവും അറിയാവുന്നത്) വിവിധം (21.11.2015)

1. 'തദ്ധിത'ത്തിന് ഉദാഹരണം:
(എ) ദാശരഥി (ബി) ധീരൻ
(സി) ശിശു (ഡി) വൃദ്ധൻ
2. മേയനാമത്തിൽ ഉൾപ്പെടുന്ന പദം:
(എ) മനുഷ്യൻ (ബി) മണ്ണ്
(സി) സഭ (ഡി) സിംഹം
3. 'കാട്ടിൽ' എന്ന പദത്തിലെ 'ഇൽ' പ്രത്യയം ഏത് വിഭക്തിയിൽപെടുന്നു?
(എ) ഉദ്ദേശിക (ബി) ആധാരിക
(സി) നിർദ്ദേശിക (ഡി) പ്രയോജിക
4. താഴെ കൊടുത്തിരിക്കുന്നവയിൽ 'സിതം' എന്നതിന്റെ വിപരീത പദം:
(എ) വിസിതം (ബി) നിരസിതം
(സി) അസിതം (ഡി) ഇതൊന്നുമല്ല
5. 'കണ്ണാടി' എന്ന പദത്തിന്റെ പര്യായപദമല്ലാത്തത്:
(എ) ആദർശം (ബി) ദർപ്പണം
(സി) മുകുരം (ഡി) കന്മദം
6. 'പൊരുതിനേടി' എന്നത് ഏത് വിനയെച്ച രൂപത്തിൽ പെടുന്നു?
(എ) പിൻ വിനയെച്ചം (ബി) നടു വിനയെച്ചം
(സി) തൻ വിനയെച്ചം (ഡി) മുൻ വിനയെച്ചം
7. ചോദ്യത്തിന് ഉപയോഗിക്കുന്ന ചിഹ്നം
(എ) വലയം (ബി) ശൃംഖല
(സി) കാകു (ഡി) അങ്കുശം
8. വെണ്ണിലാവ് – സന്ധി കണ്ടെത്തുക
(എ) ആദേശം (ബി) ലോപം
(സി) ആഗമം (ഡി) ദ്വിത്വം
9. 'ചരാചരങ്ങൾ' – ഇതിലെ സമാസം ഏതാണ്?
(എ) ദ്വിഗുസമാസം (ബി) ദ്വന്ദ്വസമാസം
(സി) ബഹുവ്രീഹി (ഡി) കർമ്മധാരയൻ
10. സമൂഹത്തെ സംബന്ധിച്ചത്:
(എ) സമൂഹ്യം (ബി) സമൂഹം
(സി) സാമൂഹ്യം (ഡി) സമൂഹവും
11. സി വി രാമൻപിള്ളയുടെ മാനസപുത്രി എന്നറിയപ്പെടുന്ന കഥാപാത്രം
(എ) പാറുക്കുട്ടി (ബി) സുലേഖ
(സി) ഫാത്തിമ (ഡി) സുഭദ്ര
12. ഭാഷയിലെ ആദ്യത്തെ കുറ്റാന്വേഷണ നോവൽ ഏത്?
(എ) ഭാസ്ക്കരമേനോൻ (ബി) അക്ബർ
(സി) ഭൂതരായർ (ഡി) കേരളസിംഹം
13. മലയാള നാടക പ്രസ്ഥാനത്തിൽ 'ഇബ്സൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വ്യക്തി
(എ) എൻ എൻ പിള്ള (ബി) എൻ കൃഷ്ണപിള്ള
(സി) സി ജെ തോമസ് (ഡി) തോപ്പിൽഭാസി
14. 'സഞ്ജയൻ' എന്ന തൂലികാനാമത്തിൽ ഹാസ്യ സാഹിത്യലോകത്ത് നിറഞ്ഞുനിന്ന വ്യക്തി:
(എ) നാരായണൻനായർ (ബി) ഗോവിന്ദൻ നായർ
(സി) എം ആർ നായർ (ഡി) മാധവൻ നായർ
15. 2014ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ മലയാള നോവലിസ്റ്റ്:
(എ) ബെന്യാമിൻ (ബി) കെ ആർ മീര
(സി) ഇന്ദുമേനോൻ (ഡി) സുഭാഷ്ചന്ദ്രൻ
16. 2014ലെ വയലാർ അവാർഡ് നേടിയ കൃതി
(എ) ആരാച്ചാർ (ബി) മഞ്ഞവെയിൽ മരണങ്ങൾ
(സി) ആലാഹയുടെ പെൺമക്കൾ
(ഡി) മനുഷ്യന് ഒരു ആമുഖം
17. `Appearances are often deceptive'–ശരിയായ മലയാള ശൈലി തെരഞ്ഞെടുക്കുക:
(എ) അർദ്ധരാത്രിയ്ക്ക് കുട പിടിക്കുക
(ബി) അഴകുള്ള ചക്കയിൽ ചുളയില്ല
(സി) അഴകിയ രാവണനാവുക
(ഡി) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
18. `An eye for an eye' ഉചിതമായത് തെരഞ്ഞെടുക്കുക
(എ) വാളെടുത്തവൻ വാളാൽ
(ബി) വിതച്ചത് കൊയ്യും
(സി) കണ്ണിന് കണ്ണ് (ഡി) ഇരുതലമൂരി
19. `Silence is golden' – ശരിയായ പദം കണ്ടെത്തുക
(എ) ആനച്ചന്തം (ബി) മിന്നുന്നതെല്ലാം പൊന്നല്ല
(സി) തങ്കലിപിയിൽ വരയുക (ഡി) മൗനം ഭൂഷണം
20. `Bed of roses' – ഉചിതമായ ശൈലി കണ്ടെത്തുക
(എ) പച്ച പിടിയ്ക്കുക (ബി) വേരൂന്നുക
(സി) കണ്ണു തെളിക്കുക (ഡി) ഊടും പാവും

## Answers

1 (a) 2 (b) 3 (b) 4 (c) 5 (d) 6 (d) 7 (c) 8 (a) 9 (b) 10 (c) 11 (d) 12 (a) 13 (b) 14 (c) 15 (d) 16 (a) 17 (b) 18 (c) 19 (d) 20 (a)

# എൽഡി ക്ലർക്ക് വിവിധം

## (കോഴിക്കോട്) 18-01-2014

1. 'മേൻമേൽ'– സന്ധി നിർണ്ണയിക്കുക
(എ) ആഗമസന്ധി (ബി) ആദേശസന്ധി
(സി) ലോപസന്ധി (ഡി) ദിത്വസന്ധി
2. രണ്ടാമൂഴം എന്ന കൃതിയിലെ പ്രധാന കഥാപാത്രമാണ്:
(എ) അർജുനൻ (ബി) ശ്രീകൃഷ്ണൻ
(സി) കർണ്ണൻ (ഡി) ഭീമൻ
3. 'ഞാൻ അവനോട് പറഞ്ഞു'. അടിവരയിട്ടിരിക്കുന്ന പദം ഏതു വിഭക്തിയെ സൂചിപ്പിക്കുന്നു?
(എ) സംബന്ധിക (ബി) ആധാരിക
(സി) സംയോജിക (ഡി) പ്രയോജിക
4. എസ് കെ പൊറ്റക്കാടിനെ ജ്ഞാനപീഠത്തിനർഹനാക്കിയ കൃതി:
(എ) ഒരു തെരുവിന്റെ കഥ (ബി) നൈൽഡയറി
(സി) പാതിരാസൂര്യന്റെ നാട്ടിൽ
(ഡി) ഒരു ദേശത്തിന്റെ കഥ
5. മേഘത്തിന്റെ പര്യായപദമല്ലാത്തത് ഏത്?
(എ) അംബുദം (ബി) നീരദം
(സി) വാരിജം (ഡി) പയോദം
6. 'കാക്കനാടൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്:
(എ) ജോർജ്ജ് വർഗ്ഗീസ് (ബി) ജോർജ്ജ് ജോസഫ്
(സി) ജേക്കബ് വർഗ്ഗീസ് (ഡി) ജോസ് ജോസഫ്
7. `To love is divine' ഈ വാക്യത്തിന്റെ ഏറ്റവും ഉചിതമായ തർജ്ജമയാണ്:
(എ) സ്നേഹം ദൈവമാണ്
(ബി) സ്നേഹം ദൈവീകമാണ്
(സി) ദൈവത്തെ സ്നേഹിക്കണം
(ഡി) സ്നേഹിക്കുക എന്നത് ദൈവീകമാണ്
8. 'പയ്യെത്തിന്നാൽ പനയും തിന്നാം' എന്നതിന് സമാനമായ ഇംഗ്ലീഷ് വാക്യമാണ്:
(എ) Slow and steady wins the race
(ബി) Eat more if eat slowly
(സി) Slow eating leads to gain more
(ഡി) Slow eater can eat pain
9. 'ഓരോ കാഴ്ചകൾ കാണുന്നതിനിടെ അവർ പരസ്പരം നോക്കിച്ചിരിച്ചു.' ഈ വാക്യത്തിലെ തെറ്റായ പ്രയോഗമേത്?
(എ) നോക്കിച്ചിരിച്ചു (ബി) ഓരോ കാഴ്ചകൾ
(സി) അവർ പരസ്പരം (ഡി) കാണുന്നതിനിടെ
10 കളിയാക്കുക എന്നർത്ഥംവരുന്ന ശൈലിയേത്?
(എ) ഭംഗിവാക്ക് പറയുക (ബി) താളം തുള്ളുക
(സി) പാവ കളിപ്പിക്കുക (ഡി) ചെണ്ടകൊട്ടിക്കുക

## Answers

1 (b) 2 (d) 3 (c) 4 (d) 5 (c) 6 (a) 7 (d) 8 (a) 9 (b) 10 (c)

# എൽഡി ക്ലർക്ക് വിവിധം

## (പാലക്കാട്) 8-02-2014

1. എം ടി വാസുദേവൻനായർക്ക് വലയാർ അവാർഡ് നേടിക്കൊടുത്ത കൃതി
(എ) കുട്ട്യേടത്തി (ബി) നിർമ്മാല്യം
(സി) ഇരുട്ടിന്റെ ആത്മാവ് (ഡി) രണ്ടാമൂഴം
2. 'പരീക്കുട്ടി' താഴെ പറയുന്നവയിൽ ഏതു കൃതിയിലെ കഥാപാത്രമാണ്?
(എ) ഉമ്മാച്ചു (ബി) അറബിപ്പൊന്ന്
(സി) ചെമ്മീൻ (ഡി) ബാല്യകാലസഖി
3. 'അടിമത്വം ഏറ്റുവാങ്ങുന്നത് ഏതൊരാൾക്കും ഭൂഷണമല്ല'. ഈ വാക്യത്തിലെ തെറ്റായ പ്രയോഗം ഏത്?
(എ) അടിമത്വം (ബി) ഏറ്റുവാങ്ങുന്നത്
(സി) ഏതൊരാൾക്കും (ഡി) ഭൂഷണമല്ല
4. 'ചതിയിൽപെടുത്തുക' എന്ന് അർത്ഥംവരുന്ന ശൈലിയേത്?
(എ) നക്ഷത്രമെണ്ണിക്കുക (ബി) ചെണ്ടകൊട്ടിക്കുക
(സി) ഉണ്ടചോറിൽ കല്ലിടുക
(ഡി) ഗണപതിക്കു കുറിക്കുക
5. 'മനസ്സാക്ഷി' എന്ന പദം പിരിച്ചെഴുതിയാൽ
(എ) മനഃ+സാക്ഷി (ബി) മന+സാക്ഷി
(സി) മനസ്സ്+സാക്ഷി (ഡി) മനം+സാക്ഷി
6. 'പഠിക്കാൻ മിടുക്കനായ കുട്ടിയാണ് ശ്രീഹരി' ഇതിൽ നാമവിശേഷണമായി വരുന്ന പദം ഏത്?
(എ) പഠിക്കാൻ (ബി) മിടുക്കനായ
(സി) കുട്ടിയാണ് (ഡി) ശ്രീഹരി
7. 'താങ്കളെ ഈ തസ്തികയിൽ നിയമിച്ചിരിക്കുന്നു' എന്നതിന് സമാനമായ വാക്യം ഏത്?
(എ) You are selected for this post
(ബി) You can join this post
(സി) You are appointed to this post
(ഡി) You are wait listed for this post
8. `Do you get me? എന്നതിന്റെ ഉചിതമായ മലയാള തർജ്ജമ ഏത്?
(എ) നിങ്ങൾക്കെന്നെ അറിയാമോ?
(ബി) നിങ്ങൾക്കെന്നെ മനസ്സിലാവുമോ?
(സി) നിങ്ങൾക്ക് ഞാൻ പറഞ്ഞത് മനസ്സിലായോ?
(ഡി) നിങ്ങൾക്ക് മലയാളം അറിയാമോ?
9. താഴെ കൊടുത്തിരിക്കുന്നതിൽ 'സർപ്പം' എന്നർത്ഥം വരാത്ത പദം:
(എ) നാഗം (ബി) നാകം
(സി) ഉരഗം (ഡി) പന്നഗം
10 'കോവിലൻ' ആരുടെ തൂലികാനാമമാണ്?
(എ) പി സി ഗോപാലൻ (ബി) പി സി കുട്ടികൃഷ്ണൻ
(സി) വി വി അയ്യപ്പൻ (ഡി) എ അയ്യപ്പൻ

## Answers

1 (d) 2 (c) 3 (x) 4 (b) 5 (a) 6 (b) 7 (c) 8 (c) 9 (b) 10 (c)

# എൽഡി ക്ലർക്ക് വിവിധം

## (കോട്ടയം) 8-02-2014

1. സുന്ദരികളും സുന്ദരന്മാരും എന്ന കൃതി ആരുടേതാണ്?
(എ) എം ടി വാസുദേവൻനായർ
(ബി) ഉറൂബ്
(സി) തകഴി

(ഡി) വൈക്കം മുഹമ്മദ് ബഷീർ
2. മലയാള സാഹിത്യത്തിൽ ഏറ്റവും ഒടുവിൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച സാഹിത്യകാരൻ
(എ) ജി ശങ്കരക്കുറുപ്പ് (ബി) സച്ചിദാനന്ദൻ
(സി) ഒ എൻ വി കുറുപ്പ് (ഡി) വൈലോപ്പിള്ളി
3. `Prevention is better than cure' എന്നതിന് സമാനമായ മലയാളത്തിലെ ശൈലി:
(എ) സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
(ബി) മടിയൻ മല ചുമക്കും
(സി) വിത്തുഗുണം പത്തുഗുണം
(ഡി) മിന്നുന്നതെല്ലാം പൊന്നല്ല
4. 'താങ്കൾക്ക് ജോലിയിൽ പ്രവേശിക്കാം' എന്നർത്ഥംവരുന്ന ഇംഗ്ലീഷ് വാക്യം
(എ) You will join the duty (ബി) You can join the duty
(സി) You joined the duty (ഡി) You resume the duty
5. അക്കിത്തം എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്
(ബി) ശങ്കരക്കുറുപ്പ്
(സി) ശ്രീധരമേനോൻ (ഡി) അച്യുതൻ നമ്പൂതിരി
6. എഴുതിക്കളഞ്ഞു. അടിവരയിട്ട പദം ഏത് ഭാഷാ പ്രയോഗ വ്യവസ്ഥിതിയിൽ ഉൾപ്പെടുന്നു?
(എ) നാമവിശേഷണം (ബി) മുറ്റുവിന
(സി) അനുപ്രയോഗം (ഡി) പേരെച്ചം
7. 'കാടിന്റെ മക്കൾ' എന്നതിലെ സമാസമെന്ത്?
(എ) ദ്വന്ദ്വസമാസം (ബി) ബഹുവ്രീഹി
(സി) കർമ്മധാരയൻ (ഡി) തത്പുരുഷൻ
8. ക്രിയയുടെ അർത്ഥത്തെ വിശേഷിപ്പിക്കുന്നത്:
(എ) ക്രിയാവിശേഷണം
(ബി) വിശേഷണ വിശേഷണം
(സി) നാമവിശേഷണം
(ഡി) സർവ്വനാമം
9. 'നിലപാട് മാറ്റുക' എന്നർത്ഥം വരുന്ന ശൈലി:
(എ) കാലുപിടിക്കുക (ബി) കാലുമാറുക
(സി) കാലുവാരുക (ഡി) കാലുതിരുമ്മുക
10 താഴെപറയുന്നവയിൽ ശബ്ദം എന്നർത്ഥംവരുന്ന പദം:
(എ) ആലയം (ബി) ആമയം
(സി) ആരവം (ഡി) ആതപം

## Answers

1 (b) 2 (c) 3 (a) 4 (b) 5 (d) 6 (c) 7 (d) 8 (a) 9 (b) 10 (c)

## എൽഡി ക്ലർക്ക് വിവിധം
### (ഇടുക്കി 22-02-2014)

1. അനുപ്രയോഗത്തിന് ഉദാഹരണം താഴെപ്പറയുന്നവയിൽ ഏതാണ്?
(എ) അനുഗ്രഹിക്കണേ (ബി) ചിത്രം വരച്ചുനോക്കി
(സി) വിൽക്കപ്പെടും (ഡി) എടുക്കപ്പെടും
2. മേയനാമത്തിന് ഉദാഹരണമായി പറയാവുന്ന പദമേത്?
(എ) രാമായണം (ബി) മനുഷ്യൻ
(സി) ആകാശം (ഡി) വെളുപ്പ്
3. താഴെപ്പറയുന്നവയിൽ സകർമ്മക രൂപം ഏത്?
(എ) ലക്ഷ്മി ഉറങ്ങുന്നു (ബി) ആന നടക്കുന്നു
(സി) അമ്മ കുട്ടിയെ എടുക്കുന്നു
(ഡി) നക്ഷത്രം തിളങ്ങുന്നു
4. താഴെ കൊടുത്തിരിക്കുന്നവയിൽ 'പാരിമാണികം' എന്ന ഭേദക വിഭാഗത്തിന് ഉദാഹരണമേത്?
(എ) സുഖമായി ഉറങ്ങി (ബി) തെക്കൻ കാറ്റ്
(സി) തളർത്തുന്ന വാതം (ഡി) ഒരു കിലോ അരി
5. ദ്വിഗു സമാസത്തിന് ഉദാഹരണമായി പറയാവുന്ന രൂപം താഴെപ്പറയുന്നവയിൽ ഏതാണ്?
(എ) അടിച്ചുതളി (ബി) പ്രഥമധർമ്മം
(സി) മീൻപിടിക്കുക (ഡി) ചലച്ചിത്രം
6. ഇ എം കോവൂർ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന വ്യക്തി ആര്?
(എ) മാത്യു ഐപ്പ് (ബി) മാമ്മൻ മാത്യു
(സി) മാത്യു എം കുഴിവേലി (ഡി) മാത്യു മറ്റം
7. 'നദി നീന്തികടക്കാൻ റെനി എന്നെ വെല്ലുവിളിച്ചു' എന്നതിന് സമാനമായ ഇംഗ്ലീക് വാക്യം:
(A) Reni dared me to swim across the river(B) Reni wanted me to swim across the river
(C) Reni ordered me to swim across the river
(D) Reni challenged me to swim across the river
8. Do you have difficulty in speaking over a telephone?
(എ) ടെലഫോൺ സംസാരിക്കുന്നതിന് നിങ്ങൾക്ക് പ്രയാസമുണ്ടോ?
(ബി) എനിക്ക് സംസാരിക്കാൻ ഒരു ടെലഫോൺ നൽകുന്നതിൽ നിങ്ങൾക്ക് പ്രയാസമുണ്ടോ?
(സി) ടെലഫോണിൽ കൂടി സംസാരിക്കുന്നതിൽ നിങ്ങൾക്ക് പ്രയാസമുണ്ടോ?
(ഡി) സംസാരിക്കുന്ന ടെലഫോണിനെപ്പറ്റി നിങ്ങൾക്കറിയാമോ?
9. സാഹിത്യത്തിനുള്ള 2013ലെ നൊബേൽ പുരസ്കാരം നേടിയ വ്യക്തി:
(എ) അഹ്മെദ് ഉസും കു(ബി) ആലീസ് മൺറോ
(സി) റാൻഡി ഷെക്മാൻ (ഡി) പീറ്റർ ഹിഗ്സ്
10 സേതുവും പുനത്തിൽ കുഞ്ഞബ്ദുള്ളയും ചേർന്ന് എഴുതിയ നോവൽ:
(എ) അറബിപ്പൊന്ന് (ബി) മിണ്ടാപ്പെണ്ണ്
(സി) നവഗ്രഹങ്ങളുടെ തടവറ (ഡി) നക്ഷത്രങ്ങളെ കാവൽ

## Answers

1 (b) 2 (c) 3 (c) 4 (d) 5 (b) 6 (a) 7 (x) 8 (c) 9 (b) 10 (c)

## എൽഡി ക്ലർക്ക് വിവിധം
### (തസ്തികമാറ്റം) 1-03-2014

1. 'താമര+ഇല= താമരയില'-ഇതിലെ സന്ധി ഏത്?
(എ) ആദേശസന്ധി (ബി) ദ്വിത്വസന്ധി
(സി) ആഗമസന്ധി (ഡി) ലോപസന്ധി
2. 'കേട്ട കഥ നന്നായി ആസ്വദിച്ചു' ഈ വാക്യത്തിൽ 'പേരെച്ചം' ഏത്?
(എ) കേട്ട (ബി) കഥ
(സി) നന്നായി (ഡി) ആസ്വദിച്ചു
3. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം ഏത്?
(എ) ഇവിടെ അക്ഷരമറിയാത്ത നിരക്ഷരരുടെ എണ്ണം കൂടുതലാണ്
(ബി) സീബ്രാവരകൾ നടന്നുപോകുന്ന പദയാത്രികർക്കു വേണ്ടിയുള്ളതയാണ്
(സി) ഇതിലേയ്ക്ക് അയയ്ക്കുന്ന രചനകൾ പരമാവധി ചെറുതായിരിക്കണം
(ഡി) അന്ന് ആദ്യമായി കണികണ്ടത് ഒരു കാട്ടാനയെ ആണ്
4. താഴെ കൊടുത്തിരിക്കുന്നവയിൽ അക്ഷരത്തെറ്റുള്ള വാക്ക് ഏത്?
(എ) വിശ്വസ്തൻ (ബി) അഥിതി
(സി) വിശിഷ്ടൻ (ഡി) ശ്രേഷ്ഠൻ
5. 'അതിജാതൻ' എന്ന പദത്തിന്റെ അർത്ഥം:
(എ) അധികമായി ജയങ്ങൾ നേടുന്നവൻ ( ബ 1 ) ആദ്യം ജനിക്കുന്നവൻ
(സി) മാതാപിതാക്കന്മാരെ അതിശയിക്കുന്ന ഗുണങ്ങളുള്ളവൻ
(ഡി) ചീത്തപുത്രൻ
6. 'മറുപിറവി' എന്ന നോവൽ രചിച്ചത് ആര്?
(എ) എം മുകുന്ദൻ (ബി) ആനന്ദ്
(സി) സേതു (ഡി) പി വത്സല
7. 'സാഹിത്യപഞ്ചാനനൻ' എന്നറിയപ്പെടുന്നത്:
(എ) എസ് പരമേശ്വരപ്പണിക്കർ
(ബി) പി കെ നാരായണപിള്ള
(സി) എസ് നാരായണമേനോൻ (ഡി) പി മാധവൻപിള്ള
8. എം ടി വാസുദേവൻനായർക്ക് വയലാർ അവാർഡ് ലഭിച്ചത് ഏത് കൃതിയ്ക്കാണ്
(എ) കാലം (ബി) രണ്ടാമൂഴം
(സി) നാലുകെട്ട് (ഡി) വാനപ്രസ്ഥം
9. `Beat the iron when it is hot' എന്നതിന് സമാനമായ മലയാളത്തിലെ ചൊല്ല്:
(എ) തുരുമ്പും തൊഴിലും ഇരിക്കെ കെടും
(ബി) അടിച്ചതിന്മേൽ അടിച്ചാൽ അമ്മിയും പറക്കും
(സി) ഒത്തുപിടിച്ചാൽ മലയും പോരും
(ഡി) കാറ്റുള്ളപ്പോൾ പാറ്റുക
10 'യോഗം മാറ്റിവച്ചു' എന്നതിന് സമാനമായ ഇംഗ്ലീഷ് വാക്യം:
(എ) The meeting was cancelled
(ബി) The meeting was postponed
(സി) The meeting was rejected
(ഡി) The meeting was proposed

## Answers

1 (c) 2 (a) 3 (c) 4 (b) 5 (c) 6 (c) 7 (b) 8 (b) 9 (d) 10 (b)

## എൽഡി ക്ലർക്ക്
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
### വിവിധം ( 6-06-2014)

1. താഴെ തന്നിരിക്കുന്ന പദങ്ങളിൽ 'ഭൂമി' എന്നർത്ഥം വരാത്ത പദം ഏത്?
(എ) ധര (ബി) ക്ഷോണി
(സി) വാരിധി (ഡി) ക്ഷിതി
2. 'അള്ളാപ്പിച്ച മൊല്ലാക്ക'-ഏത് കൃതിയിലെ കഥാപാത്രമാണ്?
(എ) ബാല്യകാലസഖി
(ബി) ഖസാക്കിന്റെ ഇതിഹാസം
(സി) അറബിപ്പൊന്ന്
(ഡി) സുന്ദരികളും സുന്ദരന്മാരും
3. 'നന്തനാർ' ആരുടെ തൂലികാ നാമമാണ്?
(എ) പി സി കുട്ടികൃഷ്ണൻ
(ബി) ഗോവിന്ദപ്പിഷാരടി
(സി) മാധവൻനായർ (ഡി) പി സി ഗോപാലൻ
4. കെ പി രാമനുണ്ണിക്ക് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി:
(എ) ജീവിതത്തിന്റെ പുസ്തകം
(ബി) പുരുഷവിലാപം
(സി) സൂഫി പറഞ്ഞ കഥ (ഡി) ചരമവാർഷികം
5. `Left handed compliment' എന്ന ശൈലിയുടെ യഥാർത്ഥ മലയാള വിവർത്തനം
(എ) ഇടതുകൈയ്യിലെ പ്രശംസ
(ബി) ഇടതുകൈയ്യിലെ സമ്മാനം
(സി) വിപരീതാർത്ഥ പ്രശംസ
(ഡി) അപ്രസ്തുത പ്രശംസ
6. 'ഇതിന് നീയാണ് ഉത്തരവാദി' ഈ വാക്യത്തിന് സമാനമായ ഇംഗ്ലീഷ് വാക്യം
(എ) You are respectable for this
(ബി) You are responsible for this
(സി) You are respresented for this
(ഡി) You are reclaimable for this
7. കണ്ണീർ എന്ന പദം പിരിച്ചെഴുതിയാൽ
(എ) കൺ+നീർ (ബി) കണ്ണ്+നീർ
(സി) കൺ+ണീർ (ഡി) കണ്+ണീർ
8. ബാലി സുഗ്രീവനോട് ഏറ്റുമുട്ടി 'ഓട്' എന്ന പ്രത്യയം ഏത് വിഭക്തിയുടേതാണ്?
(എ) നിർദ്ദേശിക (ബി) പ്രതിഗ്രാഹിക
(സി) സംബന്ധിക (ഡി) സംയോജിക
9. ബാലാമണിയമ്മ മാതൃത്വത്തിന്റെ കവയത്രിയായും ഇടശ്ശേരി ശക്തിയുടെ കവിയായും അറിയപ്പെടുന്നു. ഈ വാക്യത്തിലെ തെറ്റായ പ്രയോഗമേത്?
(എ) മാതൃത്വത്തിന്റെ (ബി) കവിയത്രിയായും
(സി) കവിയായും (ഡി) അറിയപ്പെടുന്നു
10 'ഋഷിയെ സംബന്ധിക്കുന്നത്' ഇത് ഒറ്റപദമാക്കിയാൽ
(എ) ഋഷകം (ബി) ഋഷികം
(സി) ആർഷം (ഡി) ആർഷികം

## Answers

1 (c) 2 (b) 3 (d) 4 (a) 5 (c) 6 (b) 7 (a) 8 (d) 9 (b) 10 (c)

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
### ഗ്രാമവികസനം ( 21-06-2014)

1. തദ്ധിതത്തിന് ഉദാഹരണമേത്?
(എ) ജാനകി (ബി) തെക്കൻ
(സി) നദി (ഡി) പഴമ
2. "ഇവൾ" ഇതിലെ സന്ധിയേത്?
(എ) ലോപസന്ധി (ബി) ദ്വിത്വസന്ധി
(സി) ആഗമസന്ധി (ഡി) ആദേശസന്ധി
3. തെറ്റായ വാക്യമേത്?
(എ) അവൻ നിന്നെ ആശ്രയിച്ചത് വേറെ ഗത്യന്തരമില്ലാഞ്ഞിട്ടാണ്
(ബി) അവൻ നിന്നെ ആശ്രയിച്ചത് വേറെ ഗതിയില്ലാഞ്ഞിട്ടാണ്
(സി) അവൻ നിന്നെ ആശ്രയിച്ചത് ഗത്യന്തരമില്ലാഞ്ഞിട്ടാണ്
(ഡി) അവൻ നിന്നെ ആശ്രയിച്ചത് മറ്റൊരു ഗതിയില്ലാഞ്ഞിട്ടാണ്
4. ശരിയായ വാക്കേത്?
(എ) സ്വൈര്യം (ബി) സമ്രാട്ട്
(സി) സൃഷ്ടാവ് (ഡി) സന്തുഷ്ഠം
5. താമരയുടെ പര്യായമല്ലാത്തതേത്?
(എ) കമലം (ബി) രാജീവം
(സി) വാരിദം (ഡി) സാരസം
6. കണ്ണീരും കിനാവും എന്ന കൃതിയുടെ കർത്താവാര്?
(എ) എസ് കെ പൊറ്റക്കാട് (ബി) എം ടി വാസുദേവൻനായർ

(സി) വി ടി ഭട്ടതിരിപ്പാട്
(ഡി) എം ആർ ഭട്ടതിരിപ്പാട്

7. 'തിക്കോടിയൻ' എന്ന പേരിലറിയപ്പെടുന്ന സാഹിത്യകാരൻ ആരാണ്?
(എ) പി സി കുട്ടിക്കൃഷ്ണൻ
(ബി) പി വി അയ്യപ്പൻ
(സി) എം കെ മേനോൻ
(ഡി) പി കുഞ്ഞനന്തൻനായർ

8. "ഒറ്റക്കണ്ണൻ പോക്കർ" ഏതു കൃതിയിലെ കഥാപാത്രമാണ്?
(എ) മുച്ചീട്ട് കളിക്കാരന്റെ മകൾ
(ബി) ബാല്യകാലസഖി
(സി) പാത്തുമ്മായുടെ ആട്
(ഡി) ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്

9. ആനന്ദിന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതിയേത്?
(എ) ആൾക്കൂട്ടം (ബി) മരണസർട്ടിഫിക്കറ്റ്
(സി) മരുഭൂമികൾ ഉണ്ടാകുന്നത്
(ഡി) അഭയാർത്ഥികൾ

10 ``Something is better than nothing'' ശരിയായ തർജ്ജമയേത്?
(എ) എന്തെങ്കിലും ഉണ്ടായിരിക്കുന്നത് നല്ലതാണ്
(ബി) ഒന്നുമില്ലാതിരിക്കുന്നതാണ് നല്ലത്
(സി) കുറച്ചുണ്ടായിരിക്കുന്നതിനേക്കാൾ നല്ലത് ഒന്നുമില്ലാതിരിക്കുന്നതാണ്
(ഡി) ഒന്നുമില്ലാതിരിക്കുന്നതിനേക്കാൾ നല്ലത് എന്തെങ്കിലും ഉണ്ടായിരിക്കുന്നതാണ്

## Answers

1 (b) 2 (c) 3 (a) 4 (b) 5 (c) 6 (c) 7 (d) 8 (a) 9 (c) 10 (d)

# എൽഡി ക്ലർക്ക്

## (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) വിവിധം ( 6-08-2014)

1. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം ഏത്?
(എ) നീരാജ്ഞനം (ബി) നീരാഞ്ജനം
(സി) നീരാജനം (ഡി) നീലാഞ്ജനം

2. 'ധനത്തിൽ' എന്ന പദം പിരിച്ചെഴുതിയാൽ:
(എ) ധനം + ഇൽ (ബി) ധനത്ത് + ഇൽ
(സി) ധനം + തിൽ (ഡി) ധന + ത്തിൽ

3. എല്ലാവരും സത്യം 'പറയണം' അടിവരയിട്ട ക്രിയാപദം ഏതു പ്രകാരത്തിൽപെടുന്നു?
(എ) നിർദ്ദേശകം (ബി) നിയോജകം
(സി) അനുജ്ഞായകം (ഡി) വിധായകം

4. 'ഭൂഷണം' എന്ന പദത്തിന്റെ വിപരീതപദം കണ്ടെത്തുക
(എ) അഭൂഷണം (ബി) ഭൂഷണം
(സി) വിഭൂഷണം (ഡി) അനഭൂഷണം

5. കുട്ടികളിൽ വായനാശീലം വളർത്താൻ മുതിർന്നവർ ശ്രദ്ധിക്കണം'-ഈ വരിയിലെ തെറ്റായ പദം കണ്ടെത്തുക
(എ) കുട്ടികളിൽ (ബി) വായനാശീലം
(സി) വളർത്താൻ (ഡി) മുതിർന്നവർ ശ്രദ്ധിക്കണം

6. 'വി കെ എൻ' എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) വടക്കേടത്ത് നാരായണൻ നായർ
(ബി) വടക്കേ കൂട്ടാല നാരായണൻ നായർ
(സി) വടക്കേ കൂട്ടാല നാരായണൻകുട്ടി നായർ
(ഡി) വടക്കേ കൂട്ടാല നാരായണപിള്ള

7. 'നജീബ്' ഏത് കൃതിയിലെ പ്രധാന കഥാപാത്രമാണ്?
(എ) ബാല്യകാലസഖി (ബി) ദൈവത്തിന്റെ കണ്ണ്
(സി) ഖുറൈശിക്കൂട്ടം (ഡി) ആടുജീവിതം

8. "അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ" എന്ന വിപ്ലവാഹ്വാനം നൽകിയ കവിയാണ്:
(എ) ഇടശ്ശേരി ഗോവിന്ദൻനായർ
(ബി) വയലാർ രാമവർമ്മ
(സി) ചങ്ങമ്പുഴ കൃഷ്ണപിള്ള
(ഡി) കുമാരനാശാൻ

9. 2012-ലെ വയലാർ അവാർഡിനർഹമായ 'അന്തിമഹാകാലം' എന്ന കൃതിയുടെ കർത്താവാര്?
(എ) പ്രഭാവർമ്മ (ബി) യൂസഫലി കേച്ചേരി
(സി) അക്കിത്തം അച്യുതൻ നമ്പൂതിരി
(ഡി) ആറ്റൂർ രവിവർമ്മ

10 ``Sleeping partner'' എന്നതിന്റെ യഥാർത്ഥ മലയാള വിവർത്തനം കൂട്ടത്തിൽനിന്നു തിരഞ്ഞെടുക്കുക.
(എ) ഉറങ്ങുന്ന പങ്കാളി
(ബി) ഉറങ്ങുന്ന കൂട്ടുകാരൻ
(സി) ഉറങ്ങുന്ന വ്യാപാര പങ്കാളി
(ഡി) കാര്യനടത്തിപ്പിൽ യാതൊരു പങ്കുമില്ലാത്ത വ്യാപാര പങ്കാളി

## Answers

1 (c) 2 (a) 3 (d) 4 (b) 5 (b) 6 (c) 7 (d) 8 (a) 9 (c) 10 (d)

# എൽഡി ക്ലർക്ക്

## (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) വിവിധം ( 26-08-2014)

1. സമാസം നിർണ്ണയിക്കുക: പീതാംബരം?
(എ) അവ്യയിഭാവൻ (ബി) ബഹുവ്രീഹി
(സി) കർമ്മധാരയൻ (ഡി) ദ്വന്ദസമാസം

2. 'പഠിക്കണം' എന്ന പദം ഏത് പ്രകാരത്തിൽ ഉൾപ്പെടുന്നു?
(എ) നിയോജക പ്രകാരം(ബി) പ്രാർത്ഥക പ്രകാരം
(സി) വിധായക പ്രകാരം (ഡി) അനുജ്ഞായക പ്രകാരം

3. തന്നിരിക്കുന്ന പദങ്ങളിൽനിന്നും 'രാത്രി' എന്ന അർത്ഥം വരുന്ന രണ്ട് പദങ്ങൾ തിരഞ്ഞെടുത്ത് എഴുതുക.
(എ) രജനി (ബി) മയൂഖം
(സി) യാമിനി (ഡി) രസാലം

4. ശരിയായ പദം ഏത്?
(എ) ഏകമത്യം (ബി) ഐകമത്യം
(സി) ഐക്യമത്യം (ഡി) ഐകമദ്യം

5. ശരിയായ വാക്യം തിരഞ്ഞെടുത്തെഴുതുക
(എ) അവൻ തോറ്റതിനു കാരണം പഠിക്കാതിരുന്നതുകൊണ്ടാണ്.
(ബി) പഠിക്കാതിരുന്നതുകൊണ്ടാണ് അവൻ തോറ്റതിനു കാരണം.
(സി) അവൻ തോറ്റതിനു കാരണം പഠിക്കാതിരുന്നതാണ്.
(ഡി) അവൻ തോറ്റതിനു കാരണം അവൻ പഠിക്കാതിരുന്നതാണ്.

6. പി കുഞ്ഞിരാമൻ നായരുടെ ആത്മകഥയുടെ പേരെന്ത്?
(എ) എന്റെ ആത്മകഥ (ബി) വർഷങ്ങൾക്കുമുമ്പ്
(സി) എന്നെ തിരയുന്ന ഞാൻ (ഡി) ജീവിത പാത

7. ആദ്യകാലത്ത് 'കണ്ടപ്പൻ' എന്ന തൂലികാനാമത്തിൽ ഹാസ്യലേഖനങ്ങളെഴുതിയിരുന്ന കഥാകൃത്താര്?
(എ) തകഴി ശിവശങ്കരപ്പിള്ള
(ബി) കാരൂർ നീലകണ്ഠപ്പിള്ള
(സി) കേസരി എ ബാലകൃഷ്ണപ്പിള്ള
(ഡി) പി കേശവദേവ്

8. "ചെമ്പൻകുഞ്ഞ്" എന്ന കഥാപാത്രം ഏത് നോവലിലേതാണ്?
(എ) കയർ (ബി) രണ്ടിടങ്ങഴി
(സി) തോട്ടിയുടെ മകൻ (ഡി) ചെമ്മീൻ

9. കേരള സാഹിത്യ അക്കാദമി അവാർഡ്നേടിയ ബന്യാമിന്റെ കൃതി ഏത്?
(എ) ദിനോസറിന്റെ കുട്ടി (ബി) ഇവനെ കൂടി
(സി) ആടുജീവിതം
(ഡി) അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ

10 `Brute majority' എന്ന ഇംഗ്ലീഷ് ശൈലിയുടെ ശരിയായ മലയാള വിവർത്തനം എന്ത്?
(എ) ഭൂരിപക്ഷം (ബി) വലിയ ഭൂരിപക്ഷം
(സി) ഭയങ്കര ഭൂരിപക്ഷം (ഡി) മൃഗീയ ഭൂരിപക്ഷം

## Answers

1 (c) 2 (c) 3 (x) 4 (b) 5 (c) 6 (c) 7 (b) 8 (d) 9 (c) 10 (d)

# എൽഡി ക്ലർക്ക്

## (തമിഴും മലയാളവും അറിയാവുന്നത്) വിവിധം (തിരുവനന്തപുരം, ഇടുക്കി, പാലക്കാട് – 28-02-2015)

1. 'ആനയുടെ വാൽ' എന്ന വിഗ്രഹവാക്യത്തിൽ തെളിയുന്ന വിഭക്തിപ്രത്യയം:
(എ) പ്രതിഗ്രാഹിക (ബി) ആധാരിക
(സി) സംബന്ധിക (ഡി) പ്രയോജിക

2. ക്രിയാവിശേഷണത്തിന് ഉദാഹരണം:
(എ) ചെറിയ പാവ (ബി) ഉറക്കെ കരഞ്ഞു
(സി) പാടുന്ന കുട്ടി (ഡി) ചെമന്ന താമര

3. 'കള്ളൻ ഓടിക്കളഞ്ഞു'-അടിവരയിട്ട പദം എന്തിനെ സൂചിപ്പിക്കുന്നു?
(എ) വിനയെച്ചം (ബി) അനുപ്രയോഗം
(സി) തദ്ധിതം (ഡി) പ്രകാരം

4. പ്രയോജകക്രിയയ്ക്ക് ഉദാഹരണം:
(എ) ഓടുന്നു (ബി) വായിക്കുന്നു
(സി) ഉറക്കുന്നു (ഡി) കാണുന്നു

5. ശരിയായ വാക്യം ഏത്?
(എ) എല്ലാ വെള്ളിയാഴ്ചതോറും ഞാൻ അമ്പലത്തിൽ പോകാറുണ്ട്
(ബി) ഞാൻ അവനെ ആശ്രയിച്ചത് വേറെ ഗത്യന്തരമില്ലാഞ്ഞിട്ടാണ്
(സി) അവർ തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്
(ഡി) ഗത്യന്തരമില്ലാതെയാണ് അവൻ നാടുവിട്ടത്

6. കൺ+നീർ= കണ്ണീർ ഏതു സന്ധിയ്ക്ക് ഉദാഹരണമാണ്?
(എ) ആദേശം (ബി) ലോപം
(സി) ദ്വിത്വം (ഡി) ആഗമം

7. ബഹുവ്രീഹി സമാസത്തിന് ഉദാഹരണം:
(എ) തലവേദന (ബി) രാജതുല്യൻ
(സി) നാന്മുഖൻ (ഡി) രാമകൃഷ്ണൻ

8. താഴെപ്പറയുന്നവയിൽ ശരിയായ പദം ഏത്?
(എ) ആവലാധി (ബി) ആവലാതി
(സി) ആവിശ്യം (ഡി) അനുഗ്രഹീതൻ

9. താഴെപ്പറയുന്നവയിൽ 'ആകാശം' എന്നർഥം വരാത്ത പദം:
(എ) ദ്യോവ് (ബി) അംബരം
(സി) ഗഗനം (ഡി) അംഭസ്സ്

10 'ലാളിക്കുക' – എന്നർത്ഥം വരുന്ന ശൈലി:
(എ) തലതാഴ്ത്തുക (ബി) തലയിൽ കയറ്റുക
(സി) തലയിൽ കെട്ടിവെയ്ക്കുക
(ഡി) തലമറന്നെണ്ണതേക്കുക

11. 'പൂഞ്ചോലക്കരയച്ചൻ' എന്ന കഥാപാത്രം ഏതു കൃതിയിലേതാണ്?
(എ) ഇന്ദുലേഖ (ബി) ശാരദ
(സി) ധർമ്മരാജാ (ഡി) മാർത്താണ്ഡവർമ്മ

12. 'ജീവിതസ്മരണകൾ'-എന്ന കൃതിയുടെ കർത്താവാരാണ്?
(എ) ഇ വി കൃഷ്ണപിള്ള (ബി) എൻ എൻ പിള്ള
(സി) ജി ശങ്കരക്കുറുപ്പ് (ഡി) കുറ്റിപ്പുഴ കൃഷ്ണപിള്ള

13. 'ഇടമറുക്' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) കെ എം മാത്യൂസ് (ബി) എ പി പത്രോസ്
(സി) ജോർജ്ജ് വർഗ്ഗീസ് (ഡി) റ്റി സി ജോസഫ്

14. എം മുകുന്ദന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി:
(എ) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (ബി) ദൽഹി
(സി) കേശവന്റെ വിലാപങ്ങൾ
(ഡി) ദൈവത്തിന്റെ വികൃതികൾ

15. 'കേരള ഇബ്സൻ'- എന്ന അപരനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) എൻ കൃഷ്ണപിള്ള
(ബി) കൈനിക്കര കുമാരപിള്ള
(സി) എൻ പി ചെല്ലപ്പൻനായർ
(ഡി) റ്റി എൻ ഗോപിനാഥൻനായർ

16. എഴുത്തച്ഛൻ പുരസ്കാരം ആദ്യമായി നേടിയ സാഹിത്യകാരൻ:
(എ) പാലാ നാരായണൻനായർ
(ബി) ലളിതാംബിക അന്തർജ്ജനം
(സി) ശൂരനാട് കുഞ്ഞൻപിള്ള
(ഡി) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

17. 'Tit for tat' എന്നതിന് സമാനമായ മലയാളത്തിലെ ശൈലി:
(എ) ഇരയിട്ടു മീൻപിടിക്കുക
(ബി) ഉരുളയ്ക്ക് ഉപ്പേരി
(സി) ഉണ്ട ചോറ്റിൽ കല്ലിടുക
(ഡി) വേലിതന്നെ വിളവു തിന്നുക

18. `Slow and steady wins the race' എന്നതിനു സമാനമായ മലയാളത്തിലെ ശൈലി:
(എ) ഇരിക്കും കൊമ്പു മുറിക്കരുത്
(ബി) ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
(സി) ഓടുന്ന പട്ടിക്ക് ഒരുമുഴം മുമ്പേ
(ഡി) പയ്യെ തിന്നാൽ പനയും തിന്നാം

19. 'നിങ്ങൾ കൃത്യസമയത്ത് എത്തിച്ചേരണം'-എന്നർത്ഥം വരുന്ന ഇംഗ്ലീഷ് വാക്യം:
(എ) You should reach at time
(ബി) You should reach on time
(സി) You should reach in time
(ഡി) You should reach off time

20 'നിങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു' – എന്നർത്ഥം വരുന്ന ഇംഗ്ലീഷ് വാക്യം:
(എ) You are mistaken (ബി) You are wrong

(സി) You don't understand (ഡി) You can't understand

## Answers

1 (c) 2 (b) 3 (b) 4 (c) 5 (d) 6 (a) 7 (c) 8 (b) 9 (d) 10 (b) 11 (b) 12 (a) 13 (d) 14 (c) 15 (a) 16 (c) 17 (b) 18 (d) 19 (b) 20 (a)

# വെൽഫെയർ ഓഫീസർ

## പ്ലാന്റേഷൻ കോർപ്പറേഷൻ
## 9-04-2015

1. എക്സ്പ്രഷനിസ്റ്റ് സ്വഭാവം പ്രകടിപ്പിക്കുന്ന ആദ്യത്തെ മലയാള നാടകം ഏത്?
(എ) പാട്ടബാക്കി (ബി) സമത്വവാദി
(സി) ദൈവത്താർ (ഡി) സൃഷ്ടി
2. 2013-ലെ വയലാർ അവാർഡിന് അർഹമായ കൃതിയേത്?
(എ) ശ്യാമമാധവം (ബി) ആരാച്ചാർ
(സി) ആതി (ഡി) ജീവിതത്തിന്റെ പുസ്തകം
3. തന്നിരിക്കുന്ന വരികളിലെ അലങ്കാരം നിർണ്ണയിക്കുക:
'ദാനശീലത്തിന് സൗമത്വം
തങ്കത്തിന് സുഗന്ധമാം'
(എ) ദീപകം (ബി) വ്യതിരേകം
(സി) നിദർശന (ഡി) അനുമാനം
4. 'അസാമാനാധികരണവിധി'യിൽ കർത്താവ് ഏത് വിഭക്തിയിൽ ആണ് നിൽക്കുന്നത്?
(എ) നിർദ്ദേശിക (ബി) സംയോജിക
(സി) പ്രയോജിക (ഡി) ഉദ്ദേശിക
5. ഭാഷാ മിശ്രത്തിന്റെ മനോഹരമായ സാഹിത്യരൂപമാണ് മണിപ്രവാളം എന്നഭിപ്രായപ്പെട്ടതാര്?
(എ) ഉള്ളൂർ എസ് പരമേശ്വരഅയ്യർ
(ബി) ഇളങ്കുളം കുഞ്ഞൻപിള്ള
(സി) എൻ കൃഷ്ണപിള്ള(ഡി) കോവുണ്ണി നെടുങ്ങാടി
6. 'വൃത്തവിചാരം' എന്ന കൃതി എഴുതിയതാര്?
(എ) കെ കെ വാദ്ധ്യാർ
(ബി) അപ്പൻ തമ്പുരാൻ
(സി) കുട്ടികൃഷ്ണമാരാർ
(ഡി) എ ആർ രാജരാജവർമ്മ
7. തുല്യ പ്രാധാന്യമുള്ള രണ്ട് വാക്യഭാഗങ്ങളെ വേർപ്പെടുത്താൻ ഉപയോഗിക്കുന്ന ചിഹ്നമേത്?
(എ) രേഖ (ബി) പാടിനി
(സി) കാകു (ഡി) ഭിത്തിക
8. അർത്ഥപ്രധാനശേഷിയുള്ള ഭാഷയുടെ അടിസ്ഥാന ഘടകം:
(എ) ഉപരൂപിമം (ബി) സ്വനിമം
(സി) ഉപസ്വനം (ഡി) രൂപിമം
9. "കൊള്ളാൻ വല്ലതുമൊന്നു കൊടുപ്പാ-
നില്ലാതില്ലൊരു മുൾച്ചെടിയും
ഉദയക്കതിരിനെ മുത്തും മാനവ
ഹൃദയപ്പനിനീർ പൂന്തോപ്പിൽ" എന്ന് പാടിയ കവിയാര്?
(എ) വയലാർ (ബി) വൈലോപ്പിള്ളി
(സി) ഒ എൻ വി (ഡി) ചങ്ങമ്പുഴ
10 ആവിഷ്കരണീയ ഭാവത്തിന് അനുയോജ്യമായ ഒരു 'ബാഹ്യസംയോജകം' നിബന്ധിക്കുന്നതിലാണ് കവി പ്രതിഭയുടെ വൈഭവം എന്നഭിപ്രായപ്പെട്ട പാശ്ചാത്യ നിരൂപകൻ ആര്?
(എ) മാത്യു അർണോൾഡ്
(ബി) അരിസ്റ്റോട്ടിൽ
(സി) ഐ എ റിച്ചാഡ്സ് (ഡി) ടി എസ് എലിയട്ട്

## Answers

1 (b) 2 (a) 3 (c) 4 (d) 5 (b) 6 (a) 7 (d) 8 (d) 9 (b) 10 (d)

# വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2

## ഗ്രാമവികസനം
## (ഇടുക്കി - 28-11-2015)

1. സുഖഭോഗങ്ങൾ എന്ന പദം വിഗ്രഹിച്ചെഴുതിയാൽ ലഭിക്കുന്നത്:
(എ) സുഖമാകുന്ന ഭോഗങ്ങൾ
(ബി) സുഖത്തിന്റെ ഭോഗങ്ങൾ
(സി) സുഖവും ഭോഗവും
(ഡി) സുഖമായ ഭോഗങ്ങൾ
2. "പ്രാവേ പ്രാവേ പോകരുതേ" എന്നു തുടങ്ങുന്ന പ്രശസ്തമായ കുട്ടിക്കവിതയുടെ രചയിതാവാര്?
(എ) കുമാരനാശാൻ (ബി) ഉള്ളൂർ
(സി) വൈലോപ്പിള്ളി ശ്രീധരമേനോൻ
(ഡി) നാലപ്പാട്ടു നാരായണമേനോൻ
3. അപ്പുണ്ണി എന്ന കഥാപാത്രം എം ടി വാസുദേവൻനായരുടെ ഒരു കൃതിയിലേതാണ്. ഏതാണ് കൃതി?
(എ) നാലുകെട്ട് (ബി) അസുരവിത്ത്
(സി) ഓപ്പോൾ (ഡി) മഞ്ഞ്
4. 'എന്റെ നാടുകടത്തൽ' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര്?
(എ) വി ടി ഭട്ടതിരിപ്പാട്
(ബി) ഡോ. ജോർജ്ജ് ഓണക്കൂർ
(സി) ഇ എം എസ് നമ്പൂതിരിപ്പാട്
(ഡി) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
5. "കളിയും ചിരിയും കരച്ചിലുമായ്
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബ പേരാറേ നീ മാറിപ്പോമോ
ആകുലമാമൊരഴുക്കുചാലായ്:
ഈ വരികൾ ആരുടേതാണ്?
(എ) ഇടശ്ശേരി ഗോവിന്ദൻ നായർ
(ബി) അയ്യപ്പപ്പണിക്കർ
(സി) അക്കിത്തം (ഡി) ജി ശങ്കരക്കുറുപ്പ്
6. എഴുത്തച്ഛനെഴുതുമ്പോൾ എന്ന കൃതിയുടെ കർത്താവാര്?
(എ) ആറ്റൂർ രവിവർമ്മ (ബി) ആർ രാമചന്ദ്രൻ
(സി) സച്ചിദാനന്ദൻ (ഡി) ഒളപ്പമണ്ണ
7. അമ്മയാൽ എന്നതിലെ 'ആൽ' എന്ന പ്രത്യയം ഏതു വിഭക്തിയെ സൂചിപ്പിക്കുന്നു?
(എ) നിർദ്ദേശിക (ബി) സംയോജിക
(സി) ആധാരിക (ഡി) പ്രയോജിക
8. ഓടുന്ന വണ്ടി ഇതിലെ ഓടുന്ന എന്ന പദം എന്തിനെ സൂചിപ്പിക്കുന്നു?
(എ) ക്രിയ (ബി) വിനയെച്ചം
(സി) പേരെച്ചം (ഡി) നാമം
9. കുരിശ്+ അടയാളം=കുരിശടയാളം വർണ്ണമാറ്റം അടിസ്ഥാനമാക്കി സന്ധി നിർണ്ണയിക്കുക:
(എ) ആഗമസന്ധി (ബി) ആദേശസന്ധി
(സി) ലോപസന്ധി (ഡി) ദിത്വസന്ധി
10 താഴെപ്പറയുന്നവയിൽ 'കണ്ണീർ' എന്ന പദത്തിന്റെ പര്യായമല്ലാത്ത പദം
(എ) അശ്രു (ബി) മിഴിനീർ
(സി) നയനാംബു (ഡി) രോദനം

## Answers

1 (a) 2 (c) 3 (b) 4 (...) 5 (b) 6 (c) 7 (d) 8 (c) 9 (c) 10 (...) edited answer 4 (d) 10 (d)

# എൽഡി ക്ലർക്ക്

## (തമിഴും മലയാളവും അറിയാവുന്നത്)
## വിവിധം (16-01-2016)

1. ചോദ്യരൂപത്തിലുള്ള വാചകങ്ങളുടെ ഒടുവിൽ ചേർക്കുന്ന ചിഹ്നം
(എ) വിക്ഷേപിണി (ബി) കാകു
(സി) അങ്കുശം (ഡി) വിശ്ലേഷം
2. ചേർച്ചയുള്ള രണ്ടു പദങ്ങളെ വിഭക്തി പ്രത്യയത്തിന്റെ സഹായമില്ലാതെ ചേർത്തെഴുതുന്നത്
(എ) സമുച്ചയം (ബി) തദ്ധിതം
(സി) ഭേദകം (ഡി) സമാസം
3. 'നാലാളു കൂടിയാൽ പാമ്പു ചാകില്ല' എന്ന ശൈലിയുടെ ആശയം
(എ) നാല് ഒരു അശുഭ സംഖ്യയാണ്
(ബി) ആൾക്കാരുടെ എണ്ണം കൂടുംതോറും പാമ്പിന് രക്ഷപ്പെടാൻ എളുപ്പമാണ്
(സി) ആൾക്കാരുടെ എണ്ണം കൂടിയാൽ അഭിപ്രായ വ്യത്യാസങ്ങളും കൂടുന്നതിനാൽ ലക്ഷ്യപ്രാപ്തിക്കു തടസ്സം വരും.
(ഡി) പാമ്പിനെ കൊല്ലാൻ ഒരാൾ മാത്രം മതി
4. ആ നിൽക്കുന്ന വെളുത്ത കഷണ്ടിക്കാരൻ എന്റെ അമ്മാവനാണ്-അടിയിൽ വരയിട്ട പദം
(എ) നാമവിശേഷണം
(ബി) ക്രിയാവിശേഷണം
(സി) വിശേഷണ വിശേഷണം
(ഡി) കർതൃവിശേഷണം
5. 'മലങ്കാടൻ' എന്ന തൂലികാ നാമത്തിൽ കവിതകളെഴുതിയിരുന്ന പ്രശസ്ത സാഹിത്യകാരൻ
(എ) ഉണ്ണിക്കൃഷ്ണൻ പുതൂർ
(ബി) ഒ എൻ വി കുറുപ്പ്
(സി) തോപ്പിൽ ഭാസി (ഡി) ചെറുകാട്
6. ആനയുടെ ഒരു പര്യായപദമാണ്
(എ) ഭ്രമരം (ബി) തുരഗം
(സി) വാരണം (ഡി) ഗർദ്ദഭം
7. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയേത്?
(എ) പൊൻ + കണി= പൊൽക്കണി
(ബി) കാറ് + ആടി= കാറ്റാടി
(സി) ചെറ്റ + പുര= ചെറ്റപ്പുര
(ഡി) ദിനം + പത്രം= ദിനപ്പത്രം
8. അൽപവിരാമം (,) ശരിയായ സ്ഥാനത്ത് ഉപയോഗിച്ചിരിക്കുന്ന വാക്യം ഏത്?
(എ) ഒരിക്കലല്ല പലവട്ടം, ഞാൻ പറഞ്ഞതാണ്;
(ബി) ആന, മുയൽ, തുടങ്ങി നാട്ടുംപുറത്തുള്ള പല മൃഗങ്ങളും വന്യജീവികളിൽപ്പെടുന്നു.
(സി) മൂന്നാറിലെ രാജമലയിൽ മാത്രമല്ല, ഇടുക്കി ജില്ലയുടെ പല ഭാഗത്തും വരയാടുകളുണ്ട്.
(ഡി) വൈക്കത്തും, പരിസരപ്രദേശങ്ങളിലും കനത്ത മഴ ലഭിച്ചു
9. സന്ധി നിയമ പ്രകാരം വേറിട്ടു നിൽക്കുന്ന പദം
(എ) പിടിയാന (ബി) ആനപ്പുറം
(സി) പനങ്കുല (ഡി) ചട്ടിത്തൊപ്പി
10 2013-ലെ ഓടക്കുഴൽ പുരസ്കാരം നേടിയത്
(എ) സുസ്മേഷ് ചന്ദ്രോത്ത്
(ബി) അശോകൻ ചരുവിൽ
(സി) പി വത്സല (ഡി) കെ ആർ മീര
11. താഴെപ്പറയുന്നതിൽ തെറ്റായ പദം
(എ) വ്യത്യസ്തം (ബി) യാദൃശ്ചികം
(സി) അഗ്നികുണ്ഡം (ഡി) പ്രത്യാഘാതം
12. ബാലാമണിയമ്മയുടെ 'ലോകാന്തരങ്ങളിൽ' എന്ന കൃതി ആരുടെ നിര്യാണത്തെ ആസ്പദമാക്കി രചിച്ചതാണ്?
(എ) കുമാരനാശാന്റെ (ബി) വള്ളത്തോളിന്റെ
(സി) നാലപ്പാട്ടുനാരായണ മേനോന്റെ
(ഡി) കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ
13. എം ടി വാസുദേവൻനായരുടെ ചലച്ചിത്രമാക്കിയ നോവൽ
(എ) വാരാണസി (ബി) രണ്ടാമൂഴം
(സി) മഞ്ഞ് (ഡി) കാലം
14. മികച്ച സാഹിത്യകൃതിക്കുള്ള 'ഓടക്കുഴൽ പുരസ്കാരം' ഏർപ്പെടുത്തിയത്
(എ) കേരള സാഹിത്യ അക്കാദമി
(ബി) ഗുരുവായൂരപ്പൻ ട്രസ്റ്റ്
(സി) മഹാകവി ജി സ്മാരക സമിതി
(ഡി) കേരള സാംസ്കാരിക വകുപ്പ്
15. മലയാളത്തിലെ ആദ്യ 'ഓഡിയോ നോവൽ'
(എ) ഇതാണെന്റെ പേര് (ബി) നൃത്തം
(സി) കൊച്ചരേത്തി (ഡി) ചാവൊലി
16. മലയാള ലിപിയിൽ ആദ്യമായി അച്ചടിച്ച പുസ്തകം
(എ) ഹോർത്തൂസ് മലബാറിക്കസ്
(ബി)വർത്തമാനപ്പുസ്തകം
(സി) കാശിയാത്രാ റിപ്പോർട്ട്
(ഡി) അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്
17. 'കോക്കാഞ്ചറ മറിയ' എന്ന കരുത്തയായ സ്ത്രീ കഥാപാത്രം ഉൾപ്പെടുന്ന കൃതി
(എ) ഒതപ്പ് (ബി) മാറ്റാത്തി
(സി) ഊരുകാവൽ
(ഡി) ആലാഹയുടെ പെൺമക്കൾ
18. എ വി പത്രോസ് എന്ന നോവലിസ്റ്റ് ഏതു തൂലികാനാമത്തിലാണ് അറിയപ്പെടുന്നത്?
(എ) വൈശാഖൻ (ബി) കാനം
(സി) അയ്യനേത്ത് (ഡി) ആനന്ദ്
19. താഴെക്കൊടുത്തിരിക്കുന്ന ഇംഗ്ലീഷ് പഴമൊഴിക്ക് സമാനമായ മലയാളം പഴഞ്ചൊല്ല് തിരഞ്ഞെടുക്കുക.
``Prevention is better than cure''
(എ) ഐകമത്യം മഹാബലം
(ബി) കതിരിൽ വളം വയ്ക്കരുത്
(സി) ചൊട്ടയിലെ ശീലം ചുടലവരെ
(ഡി) സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
20 ശൈലിയുടെ ഉചിതമായ വിവർത്തനം ഏത്?
``Wildgoose chase''
(എ) കാടുകയറുക (ബി) നിഷ്ഫല യത്നം
(സി) അന്ന നട (ഡി) വനരോദനം

## Answers

1 (b) 2 (d) 3 (c) 4 (a) 5 (d) 6 (c) 7 (a) 8 (c) 9 (a) 10 (d) 11 (b) 12 (c) 13 (c) 14 (b) 15 (a) 16 (a) 17 (d) 18 (c) 19 (d) 10 (b)

# അന്വേഷണങ്ങൾ



## പരിചയ സർട്ടിഫിക്കറ്റ്

* കെ.എസ്.ആർ.ടി.സി.മുതലായ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ലേബർ വകുപ്പ് അധികൃതർ കൗണ്ടർസൈൻ ചെയ്യേണ്ടതുണ്ടോ ?

*റസിയ, കോട്ടയ്ക്കൽ*

= പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ പ്രവൃത്തിപരിചയം സംബന്ധമായ സർട്ടിഫിക്കറ്റ് ഓഫീസ് തലവനിൽ നിന്ന് വാങ്ങിയാൽ മതിയാകും. ലേബർ വകുപ്പധികാരികളുടെ കൗണ്ടർസൈൻ ആവശ്യമില്ല.

## ഡിജിറ്റൽ സിഗ്നേച്ചർ

* ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയ ഓൺലൈൻ കമ്യൂണിറ്റി സർട്ടിഫിക്കറ്റ് സ്വീകാര്യമാണോ ?

*ബിനി, നാലാഞ്ചിറ*

= സ്വീകാര്യമാണ്.

## സപ്ലിമെന്ററി പരീക്ഷ

* സപ്ലിമെന്ററി പരീക്ഷ എഴുതി ജയിച്ചവരുടെ കാര്യത്തിൽ യോഗ്യതനേടിയ തീയതിയായി പരിഗണിക്കുന്നത് ഏത് തീയതിയാണ് ?

*മനു, കേരളാദിത്യപുരം*

= അവസാനത്തെ സപ്ലിമെന്ററി മാർക്കലിസ്റ്റിന്റെ തീയതിയാണ് യോഗ്യത നേടിയ തീയതിയായി പരിഗണിക്കുന്നത്.

## ഗസറ്റഡ് ഉദ്യോഗസ്ഥൻ

* ഗസറ്റഡ് ഉദ്യോഗസ്ഥനിൽ നിന്ന് സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്ന സാഹചര്യങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ മുതലായവയിലെ ഉദ്യോഗസ്ഥർ നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകാര്യമാണോ ?

*ജയേഷ്, കൽപ്പറ്റ*

= സ്വീകാര്യമല്ല.

## ദശാംശമൂല്യം

* എനിക്ക് ഡിഗ്രിക്ക് 59.9 ശതമാനം മാർക്കുണ്ട്. ഇത് 60 ശതമാനമായി റൗണ്ട് ഓഫ് ചെയ്ത് പരിഗണിക്കുമോ ?

*ലക്ഷ്മി, പാലക്കാട്*

= അക്കാദമിക് മാർക്കിന്റെ കൃത്യമായ ദശാംശമൂല്യം തന്നെ രേഖപ്പെടുത്തണം.

## കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്

* കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ഉള്ളവർ ഓരോ സെമസ്റ്ററിന്റേയും മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യേണ്ടതുണ്ടോ?

*മേദിനി, പാലാരിവട്ടം*

= ഇല്ല. ബന്ധപ്പെട്ട യോഗ്യതാ സർട്ടിഫിക്കറ്റും കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റും മാത്രം അപ്‌ലോഡ് ചെയ്താൽ മതിയാകും.

## ഇക്വലൻസി സർട്ടിഫിക്കറ്റ്

* കേരളത്തിന് പുറത്തുള്ള സർവകലാശാലയിൽ നിന്ന് യോഗ്യത നേടിയവർ ഇക്വലൻസി സർട്ടിഫിക്കറ്റ് വാങ്ങേണ്ടത് ഏത് സർവകലാശാലയിൽ നിന്നാണ് ?

*ഷംസീർ, മലപ്പുറം*

= സംസ്ഥാനത്തെ ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്ന് ഇക്വലൻസി സർട്ടിഫിക്കറ്റ് വാങ്ങി അപ്‌ലോഡ് ചെയ്താൽ മതിയാകും.

## ഉത്തരസൂചിക

* പി.എസ്.സി. നടത്തുന്ന വിവിധ മത്സരപ്പരീക്ഷകൾക്ക് ഒരു ചോദ്യത്തിനുതന്നെ വ്യത്യസ്ത ഉത്തരങ്ങൾ നൽകുന്നതായി കണ്ടിട്ടുണ്ട്. ഇതിന് പരിഹാരം എന്താണ് ?

*അശോക്, നേമം*

= പരീക്ഷയ്ക്കുശേഷം താൽക്കാലിക ഉത്തരസൂചിക പ്രസിദ്ധീകരിക്കുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ വഴി പരാതി നൽകാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരമുള്ള പരാതികൾ വിദഗ്ധപരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം പ്രസിദ്ധീകരിക്കുന്ന അന്തിമ ഉത്തരസൂചികയുടെ അടിസ്ഥാനത്തിലാണ് മൂല്യനിർണയം നടത്തുന്നത്. അക്കാദമിക രംഗത്തെ വിദഗ്ധരെയാണ് ചോദ്യപേപ്പർ തയ്യാറാക്കുന്ന ചുമതല ഏൽപ്പിക്കുന്നത്. പരീക്ഷയ്ക്കുമുമ്പ് ചോദ്യങ്ങൾ പരിശോധിക്കാൻ വ്യവസ്ഥയില്ല. പരീക്ഷാഹാളിൽവച്ച് ചോദ്യപേപ്പറിന്റെ സീൽ ഉദ്യോഗാർത്ഥികളാണ് പൊട്ടിക്കുന്നത്. അതിനുമുമ്പ് പി.എസ്.സി.യിലെ ആരുംതന്നെ ചോദ്യപേപ്പർ കാണുന്നില്ല. ഈ വിഷയത്തിൽ ഉദ്യോഗാർത്ഥികൾക്ക് ഇക്കാര്യത്തിൽ പരമാവധി നീതി ലഭിക്കണം എന്ന ലക്ഷ്യത്തോടെയാണ് കമ്മിഷൻ പരീക്ഷാനന്തരം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ആക്ഷേപങ്ങളും പരാതികളും സമർപ്പിക്കാൻ മേൽസൂചിപ്പിച്ച സംവിധാനം ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നത്.

## എൻ.സി.എ.

* എൻ.സി.എ. നിയമനം എന്നാൽ എന്താണ് ?

*പവിത്ര, കണിയാപുരം*

= ഏതെങ്കിലും തസ്തികയിൽ നിയമന ശിപാർശ നൽകിക്കൊണ്ടിരിക്കുമ്പോൾ സംവരണ സമുദായത്തിലെ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ലഭ്യമല്ലാതെ വന്നാൽ അപ്രകാരമുള്ള സമുദായത്തിലെ/സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം അപേക്ഷ സ്വീകരിച്ച് തിരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതാണ് എൻ.സി.എ. നിയമനം.

## നേരിട്ടുള്ള നിയമനം

* പി.എസ്.സി.വിജ്ഞാപനങ്ങളിൽ നേരിട്ടുള്ള നിയമനം എന്ന് കാണാറുണ്ട്. ഇത്തരം നിയമനങ്ങൾക്ക് പരീക്ഷ നടത്താതെയാണോ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്?

*സുരേഷ്, വെണ്ടൂർ*

= പൊതു ഉദ്യോഗാർത്ഥികളിൽ നിന്ന് നടത്തുന്ന തിരഞ്ഞെടുപ്പാണ് നേരിട്ടുള്ള നിയമനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പരീക്ഷ/ഇന്റർവ്യൂ/പ്രായോഗിക പരീക്ഷ തുടങ്ങിയവയിലൂടെയാണ് തിരഞ്ഞെടുപ്പ് നടപടിക്രമം പൂർത്തിയാകുന്നത്.

## പുതുക്കിയ ഫീസ്

* വകുപ്പുതല പരീക്ഷകൾക്കുള്ള പുതുക്കിയ ഫീസ് നിരക്ക് എപ്രകാരമാണ് ?

*അമ്പാടി, അവനവൻഞ്ചേരി*

= 2018 ജനുവരി മുതലുള്ള വിജ്ഞാപനങ്ങൾക്ക് ബാധകമാക്കിക്കൊണ്ട് വകുപ്പുതല പരീക്ഷകൾക്കുള്ള ഫീസ് പുതുക്കി നിശ്ചയിച്ചിരുന്നു. ഓരോ പേപ്പറിനും 150 രൂപയാണ് അപേക്ഷാഫീസ്. ഓരോ സർട്ടിഫിക്കറ്റിനും ഫീസ് 200 രൂപയാണ്.

## വകുപ്പുതലപരീക്ഷ

* പുതിയ നിരക്ക് പ്രകാരം വകുപ്പുതലപരീക്ഷയുടെ ഒ.എം.ആർ.ഉത്തരക്കടലാസിന്റെ പകർപ്പിന് എത്ര രൂപയാണ് ഫീസ്?

*ക്രിസ്റ്റഫർ, പാറശ്ശാല*

= 600 രൂപ.

## എൽ.പി.സ്കൂൾ അസിസ്റ്റന്റ്

* ബി.എസ്.സി., ബി.എഡ്. ആണ് വിദ്യാഭ്യാസ യോഗ്യത. ഈ യോഗ്യതവച്ച് എൽ.പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷിക്കാമോ ?

*സഞ്ചു, മണപ്പുറം*

= എൽ.പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയ്ക്ക് ബി.എഡ്. യോഗ്യതവച്ച് അപേക്ഷിക്കാനാവില്ല. ബി.എഡ്., ടി.ടി.സി. എന്നീ കോഴ്സുകൾ വിഭാവനം ചെയ്യുന്ന പരിശീലന പദ്ധതിയുടെ ലക്ഷ്യം വ്യത്യസ്തമാണ്.

## ജ്യാമ്യവ്യവസ്ഥ

* പോലീസിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം കിട്ടുന്നതിന് ആദിവാസി വിഭാഗക്കാർക്ക് 25000 രൂപയുടെ ബോണ്ടും രണ്ട് സർക്കാർ ജീവനക്കാരുടെ ജാമ്യവും നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ?

*ബിന്ദു, വെള്ളനാട്*

= ഈ വ്യവസ്ഥ റദ്ദാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

## യോഗ്യതകൾ മറച്ചുവച്ചാൽ

* ബിരുദം ഉള്ള ചിലർ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയിലേക്ക് നിയമനത്തിന് കളവായ സത്യവാങ്മൂലം നൽകിയ കാര്യം അറിയാം. ഇത് മറ്റ് ഉദ്യോഗാർത്ഥികളെ പ്രതികൂലമായി ബാധിക്കും. ഇത് പി.എസ്.സി.യുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കുമോ ?

*ഷംല, ബത്തേരി*

= കമ്മിഷൻ നടത്തുന്ന തിരഞ്ഞെടുപ്പ് നീതിപൂർവകമായി നടത്തുന്നതിന് പ്രതികൂലമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽനിന്ന് അവരെ നീക്കം ചെയ്യുകയോ ഡിസ്മിസ് ചെയ്യുകയോ അനുയോജ്യമായ മറ്റ് അച്ചടക്ക/നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്.

## വിധവകൾക്ക് പ്രായപരിധിയിൽ ഇളവ്

* പി.എസ്.സി.നിയമനങ്ങളിൽ വിധവകൾക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ടോ ?

*മനീഷ്, വർക്കല*

= വിധവകൾക്ക് നിയമനങ്ങളിൽ ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്ന കാര്യത്തിൽ അനുകൂല ഉപദേശം സർക്കാരിന് നൽകിയിട്ടുണ്ട്. സർക്കാരാണ് ഉത്തരവ് പുറപ്പെടുവിക്കേണ്ടത്.

## മെരിറ്റ് ടേൺ

* സംവരണ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് മെരിറ്റ് ടേണിൽ നിയമനം ലഭിക്കാൻ സാധ്യതയുണ്ടോ ?

*സോമൻ, കൂത്താട്ടുകുളം*

= ഒഴിവുകൾക്ക് അനുസരണമായി റൊട്ടേഷൻ ചാർട്ടിലെ ഊഴങ്ങൾ പ്രകാരമാണ് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനശിപാർശ ചെയ്യുന്നത്. സംവരണത്തിന് അർഹതയുള്ള സമുദായങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് മെരിറ്റ് ടേണിലും സംവരണ ടേണിലും നിയമനം ലഭിക്കാൻ അർഹതയുണ്ട്.

## ആസ്ഥാന ഒഴിവ് (Head quarters Vacancy)

* ആസ്ഥാന ഒഴിവ് (Head quarters Vacancy) എന്നാൽ എന്ത്?

*നകുലൻ, കൈലാത്തുകോണം*

= കേരളസർക്കാരിന്റെ വിവിധ ഭരണ വകുപ്പുകളുടെ ആസ്ഥാന ഓഫീസുകളിൽ ജില്ലാതല തിരഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളിലെ ഒഴിവുകളെയാണ് ആസ്ഥാന ഒഴിവുകളായി കണക്കാക്കുന്നത്. ആസ്ഥാന ഒഴിവുകൾ നിയമനാധികാരി പി.എസ്.സി. സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ആസ്ഥാന ഒഴിവുകൾ തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ റോട്ടേഷൻ അടിസ്ഥാനത്തിൽ 14 ജില്ലകൾക്കുമായി വീതം വച്ച് നൽകുന്നതാണ്. അഡ്വക്കേറ്റ് ജനറൽ ഓഫീസ്–എറണാകുളം, ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്–ആലപ്പുഴ, കിർത്താഡ്സ്–കോഴിക്കോട് തുടങ്ങി തിരുവനന്തപുരത്തിന് പുറത്ത് ആസ്ഥാന ഓഫീസുകളുള്ള വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളും ആസ്ഥാന ഒഴിവുകളായി കണക്കാക്കുന്നതാണ്. ഒഴിവ് ആസ്ഥാന ഒഴിവാണോ ജില്ലാതല ഒഴിവാണോ എന്ന് ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന അർത്ഥനാത്രത്തിന്റെ 7 ാം കോളത്തിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ രേഖാമൂലം സംശയ നിവൃത്തി വരുത്തിയ ശേഷം മാത്രമേ ടി ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്യാവൂ. ഏതെങ്കിലും നിയമനാധികാരി ആസ്ഥാന ഒഴിവ് തെറ്റായി ജില്ലാ ഓഫീസിലേയ്ക്കു നിയമന ശിപാർശയ്ക്കായി അയച്ചുതരുന്ന പക്ഷം അവ പി.എസ്.സി. സെക്രട്ടറിയ്ക്കു കൈമാറേണ്ടതാണ്. ആസ്ഥാന ഒഴിവിൽ ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി അയാളെ ശിപാർശ ചെയ്ത ജില്ലയിലേയ്ക്കു സ്ഥലം മാറ്റമോ, അതേ ജില്ലയിലെ മറ്റേതെങ്കിലും വകുപ്പിലേയ്ക്കു സ്ഥലംമാറ്റമോ (Interdepartmental Transfer) മൂലമുണ്ടാകുന്ന ഒഴിവിനെ പ്രസ്തുത ഉദ്യോഗാർത്ഥി ശിപാർശ ചെയ്യപ്പെട്ട അതേ ജില്ലയിൽ നിന്നു തന്നെ നികത്തേണ്ടതാണ്. (Compensation). ടി ഒഴിവ് ആദ്യ നിയമനം ശിപാർശ ചെയ്ത ജില്ലയ്ക്കു തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ആസ്ഥാന ഒഴിവിൽ ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥിയെ ശിപാർശ ചെയ്ത ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയാലോ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റൊരു ജോലിയ്ക്കു പോയാലോ, മറ്റൊരു ഉദ്യോഗം സ്വീകരിച്ചാലോ, ലാവണമുള്ള (Lien) ഉദ്യോഗത്തിലേയ്ക്ക് തിരിച്ചു പോയാലോ ഉണ്ടാകുന്ന ഒഴിവ് പുതിയ ആസ്ഥാന ഒഴിവായി പി.എസ്.സി. സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ആസ്ഥാന ഒഴിവുകൾ 14 ജില്ലകൾക്ക് അലോട്ട് ചെയ്യുന്ന ക്രമം ഇപ്രകാരമാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്.

# സംശയങ്ങൾക്ക് മറുപടി

## അസിസ്റ്റന്റ് പരീക്ഷയും തീയതിയും

* പിഎസ്‌സി/സെക്രട്ടേറിയറ്റ് മുതലായവയിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പരീക്ഷ ഒക്ടോബറിൽ ഉണ്ടാകുമോ?

*ശ്രീമതി, കണ്ണൂർ*

= പ്രസ്തുത പരീക്ഷ ഒക്ടോബറിലോ നവംബറിലോ നടത്തുന്ന വിഷയം ആലോചനയിലാണ്.

## അസിസ്റ്റന്റ് പരീക്ഷയും ചോദ്യങ്ങളും

* പിഎസ്‌സി/സെക്രട്ടേറിയറ്റ് മുതലായവയിൽ അസിസ്റ്റന്റ് പരീക്ഷയ്ക്ക് ഇന്ത്യാചരിത്രത്തിലെ ചോദ്യങ്ങളിൽ പ്രാചീന ഇന്ത്യ, മധ്യകാല ഇന്ത്യ എന്നീ വിഭാഗങ്ങളിൽനിന്ന് ചോദ്യം ഉണ്ടാകുമോ? അതോ 1857 ന് ശേഷമുള്ള ആധുനിക ഇന്ത്യാചരിത്രം എന്ന വിഭാഗത്തിന് മുൻഗണന നൽകിക്കൊണ്ട് ആയിരിക്കുമോ ഈ വിഭാഗത്തിലെ ചോദ്യങ്ങൾ?

*ഉഷ, കോട്ടയം*

= ഫാക്ട് എബൗട്ട് ഇന്ത്യ എന്ന വിഭാഗത്തിലാണ് ഇന്ത്യാചരിത്രത്തിൽനിന്നുള്ള ചോദ്യങ്ങൾ ഉൾപ്പെടുന്നത്. പ്രാചീനം, മധ്യകാലം, ആധുനികകാലം എന്നീ വിഭാഗങ്ങളിലെ ചോദ്യങ്ങൾ ഉൾപ്പെടുന്നതാണ് ഈ വിഭാഗം. ഇന്ത്യയെ സംബന്ധിക്കുന്ന വിവിധ വസ്തുതകളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങൾ ഈ വിഭാഗത്തിൽ പ്രതീക്ഷിക്കാം. ഏതെങ്കിലും ഒരു പ്രത്യേക മേഖലയ്ക്ക് മുൻഗണനയില്ല.

## അസിസ്റ്റന്റ് പരീക്ഷയും ഇൻഫർമേഷൻ ടെക്നോളജിയും

* പിഎസ്‌സി/സെക്രട്ടേറിയറ്റ് മുതലായവയിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പരീക്ഷയിൽ ഇൻഫർമേഷൻ ടെക്നോളജിയിൽനിന്ന് ചോദ്യങ്ങൾ ഉണ്ടാകുമോ?

*സജീവൻ, വെമ്പായം*

= ഇൻഫർമേഷൻ ടെക്നോളജി/സൈബർ ലോ വിഭാഗത്തിൽ നിന്ന് പത്തുമാർക്കിന് ചോദ്യങ്ങൾ ഉണ്ടാവും.

## ഓഫീസർ തസ്തികകൾ

* ഫോഴ്സുകളിലെ ഏതെല്ലാം യൂണിഫോംഡ് ഓഫീസർ തസ്തികകളിലാണ് പിഎസ്‌സി വഴി നിയമനം നടത്തുന്നത്?

*ടൈറ്റസ്, വലിയതുറ*

= പൊലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ, എക്സൈസ് വകുപ്പിൽ ഇൻസ്പെക്ടർ, അഗ്നിശമന രക്ഷാസേവനവകുപ്പിൽ സ്റ്റേഷൻ ഓഫീസർ, വനം വകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ജയിൽ വകുപ്പിൽ അസിസ്റ്റന്റ് ജയിലർ എന്നീ ഓഫീസർ തസ്തികകളിലേക്കാണ് പിഎസ്‌സി വഴി നിയമനം നടത്തുന്നത്.

## സർവീസ് സർട്ടിഫിക്കറ്റ്

* സർവീസ് സർട്ടിഫിക്കറ്റ് ആവശ്യമായ സന്ദർഭങ്ങളിൽ ഉദ്യോഗാർത്ഥികൾ അത് അപ്‌ലോഡ് ചെയ്യേണ്ടത് ഏത് ലിങ്കിലാണ് ?

*ദിവ്യ, വെഞ്ഞാറമൂട്*

= സർവീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടത് എംപ്ലോയ്മെന്റ് ഡീറ്റയിൽസ് എന്ന ലിങ്കിലാണ്.

## കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർ

* കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർ പി.എസ്.സി. വഴി അപേക്ഷിക്കുന്നതിന് മേലധികാരിയിൽ നിന്ന് എൻ.ഒ.സി. വാങ്ങേണ്ടതുണ്ടോ ?

*രഞ്ജിത്ത്, വെള്ളനാട്*

= കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിന് നിശ്ചിതമാതൃകയിൽ രസീത് അല്ലെങ്കിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടിയിരിക്കേണ്ടതും നിർദ്ദേശിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്.

# ലിസ്റ്റ് പ്രസിദ്ധീകരിച്ചു

| Sl.No. | Cat.No. | Name of Post & Department | Date |
|---|---|---|---|
| 382 | 679/2014 | Tradesman (Computer) in Technical Education Department | 02.06.2018 |
| 383 | 520/2015 | Tradesman (Smithy) in Technical Education Department | 02.06.2018 |
| 384 | 659/2012 | HSA Natural Science in Education Department (Malppuram) | 04.06.2018 |
| 385 | 11/2015 | Pharmacist Gr.II in Health Services Department | 04.06.2018 |
| 386 | 204/2014 | HSA Natural Science in Education Department (B/T)(Tvpm) | 04.06.2018 |
| 387 | 659/2012 | HSA Natural Science in Education Department (Tvpm) | 04.06.2018 |
| 388 | 199/2016 | HSA Arabic in Education Department (Pathanamthitta) | 04.06.2018 |
| 389 | 476/2016 | Lecturer in Geology Collegiate Education Department (NCA-M) | 05.06.2018 |
| 390 | 76/2017 | Lecturer in Geology Collegiate Education Department | 05.06.2018 |
| 391 | 372/2015 | LDC (Ex-Servicemen) in NCC/SWD | 05.06.2018 |
| 392 | 141/2014 | Lab Technical Assistant in Clothing & Embroidary in VHSE | 06.06.2018 |
| 393 | 409/2016 | PTJLT (Arabic) LPS in Education Department Palakkad | 07.06.2018 |
| 394 | 441/2014 | Work Superintendent in Agricultural Department | 07.06.2018 |
| 395 | 659/2012 | HSA Natural Science in Education Department (Kozhikode) | 07.06.2018 |
| 396 | 661/2012 | HSA Mathematics in Education Department (Thiruvananthapuram) | 07.06.2018 |
| 397 | 659/2012 | HSA Natural Science in Education Department (Kottayam) | 07.06.2018 |
| 398 | 659/2012 | HSA Natural Science in Education Department (Ernakulam) | 07.06.2018 |
| 399 | 356/2012 | HSA Natural Science (Kannada Medium) in Education Department (Kasaragod) | 07.06.2018 |
| 400 | 12/2014 | HSA Natural Science (Tamil Medium) in Education Department (Palakkad) | 07.06.2018 |
| 401 | 441/2014 | Work Supriendent in Agricultural Department | 07.06.2018 |
| 402 | 659/2012 | HSA Natural Science in Education Department (Palakkad) | 07.06.2018 |
| 403 | 526/2016 | Women Police Constable in Police Department | 11.06.2018 |
| 404 | 283/2017 | Veterinary Surgeon Gr.II (SR for ST) in Animal Husbandary Dept. | 12.06.2018 |
| 405 | 181/2016 | Psychiatric Social Worked (1st NCA-) Medical Education Dept. | 12.06.2018 |
| 406 | 359/2017 | Medical Officer (Ayurveda) (B/T) in Indian System of Medicine | 12.06.2018 |
| 407 | 3/2014 | Instructor in Tailoring & Garment Making Training Centre in Technical Education Dept | 12.06.2018 |
| 408 | 553/2014 | Junior Instructor (Mechanic Motor Vehicles) in Industrial Training Department | 12.06.2018 |
| 409 | 554/2015 | LDC (SR for SC/ST) in Various Department (Wayanad ) | 12.06.2018 |
| 410 | 472/2016 | Lecturer in Electrical Engineering (NCA-SC) in Kerala Technical Educational Dept | 12.06.2018 |
| 411 | 661/2012 | HSA Mathematics (Malayalam Medium) in Education Department (Kollam) | 13.06.2018 |
| 412 | 295/2014 | Female Warden in SC Development Department Kozhikode | 13.06.2018 |
| 413 | 166/2016 | HSA Sanskrit in Education Department Alappuzha | 13.06.2018 |
| 414 | 661/2012 | HSA Mathematics (Malayalam Medium) in Education Department Pathanamthitta | 13.06.2018 |
| 415 | 533/2015 | Driver Gr.II (HDV) (Ex-Servicemen Only)in NCC/Sainik Welfare Dept. | 19.06.2018 |
| 416 | 533/2015 | Driver Gr.II (HDV) (Ex-Servicemen Only)in NCC/Sainik Welfare Dept. | 19.06.2018 |
| 417 | 216/2014 | Chauffeur Gr.II in Tourism Department | 19.06.2018 |
| 418 | 659/2012 | HSA Natural Science (Malayalam Medium) in Education Department (Thrissur) | 19.06.2018 |
| 419 | 50/2016 | HSA Physical Science (Tamil Medium) in Education Department (Wayanad) | 19.06.2018 |
| 420 | 467/2013 | Receiptionist Cum Telephone Operation in Kerala Drugs and Pharmaceuticals Ltd. | 19.06.2018 |
| 421 | 242/2015 | Driver Part I in District Co-Operative Bank (Kozhikode) | 19.06.2018 |
| 422 | 243/2015 | Driver Part II in District Co-Operative Bank (Kozhikode) | 19.06.2018 |
| 423 | 222/2015 | Assistant Salesman in Kerala State Civil Supplies Corporation (Kollam) | 19.06.2018 |
| 424 | 222/2015 | Assistant Salesman in Kerala State Civil Supplies Corporation (Ernakulam) | 19.06.2018 |
| 425 | 222/2015 | Assistant Salesman in Kerala State Civil Supplies Corporation (Thrissur) | 19.06.2018 |
| 426 | 222/2015 | Assistant Salesman in Kerala State Civil Supplies Corporation (Palakkad) | 19.06.2018 |
| 427 | 222/2015 | Assistant Salesman in Kerala State Civil Supplies Corporation (Malappuram) | 19.06.2018 |
| 428 | 222/2015 | Assistant Salesman in Kerala State Civil Supplies Corporation (Kozhikode) | 19.06.2018 |
| 429 | 222/2015 | Assistant Salesman in Kerala State Civil Supplies Corporation (Kannur) | 19.06.2018 |
| 430 | 413/2015 | Museum Cum Photographic Assistant in Medical Education Department | 19.06.2018 |
| 431 | 492/2015 | Vocational Instructor in Mechanics (AM) (Direct) in KVHSE | 19.06.2018 |
| 432 | 493/2015 | Vocational Instructor in Mechanics (AM) (B/T) in KVHSE | 19.06.2018 |
| 433 | 211/2016 | Accounts Officer in KTDC | 19.06.2018 |
| 434 | 532/2012 | Junior Instructor DTP Operator in Industrial Training Department | 21.06.2018 |

1. R.N. 44588/85 Reg. No. KL/TV (N)34/2018-20
2. Licence No. for posting without pre payment - KL/TV(N)/WPP/165/2018-20

PSC BULLETIN
Fortnightly

Rupees 10
July 1, 2018

# ചോദിക്കൂ.... പറയാം

## ലൈബ്രേറിയൻ ഗ്രേഡ് നാല്

* മുനിസിപ്പൽ കോമൺ സർവീസിൽ ലൈബ്രേറിയൻ ഗ്രേഡ് നാല് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാറായോ ? എപ്പോൾ പ്രസിദ്ധീകരിക്കും ?

**പപ്പൻ, പൊൻകുന്നം**

= ജൂൺ അവസാനത്തോടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

## എച്ച്.എസ്.എസ്.ടി.(മലയാളം)

* ഹയർ സെക്കൻഡറി വകുപ്പിൽ എച്ച്.എസ്.എസ്.ടി.(മലയാളം) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാറായോ ?

**രജ്ഞിത്ത്, ചാത്തനൂർ**

= മുല്യനിർണ്ണയം കഴിഞ്ഞു. ചുരുക്കപെട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ ആരംഭിച്ചു.

## എച്ച്.എസ്.എസ്.ടി.(ഇംഗ്ലീഷ്)

* ഹയർ സെക്കൻഡറി വകുപ്പിൽ എച്ച്.എസ്.എസ്.ടി.(ഇംഗ്ലീഷ്) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാറായോ?

**രതീഷ്, ഗാന്ധിസ്മാരകം**

= മുല്യനിർണ്ണയം കഴിഞ്ഞു. ചുരുക്കപെട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ ആരംഭിച്ചു.

## ലക്ചറർ ഇൻ വീണ

* ലക്ചറർ ഇൻ വീണ തസ്തികയ്ക്ക് ഒഴിവുകൾ നിലവിലുണ്ടോ ? ഉണ്ടെങ്കിൽ എത്ര ?

**റിൻസി, വേങ്ങോട്**

= നിലവിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല

## സെക്യൂരിറ്റി ഗാർഡ്

* വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിയമനശിപാർശ ചെയ്യാനുണ്ട് ? നിയമന ശിപാർശ ഉടനെതന്നെ നടക്കുമോ ?

**കണ്ണൻ, കുത്തുപ്പറമ്പ്**

= 84 നിയമന ശിപാർശ ഒരാഴ്ചക്കകം നടത്തും

## എക്സൈസ് ഇൻസ്പെക്ടർ

* എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്ര ? നിയമന ശിപാർശ ഉടനെ നടക്കുമോ ?

**സുൾഫിക്കർ, മലപ്പുറം**

= ഒഴിവുകൾ 4, നിയമന ശിപാർശ ഒരാഴ്ചക്കകം നടത്തും

## റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ

* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് രണ്ട് തസ്തികയുടെ എത്ര ഒഴിവുകൾ അറിയിച്ചിട്ടുണ്ട്. നിയമന ശിപാർശ ഉടനെതന്നെ നടക്കുമോ ?

**ശ്രീകാന്ത്, തൃശ്ശൂർ**

= ഒൻപത് ഒഴിവുകൾ. നിയമനശിപാർശ ഒരാഴ്ചക്കകം നടത്തും.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്

* വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 123/2017) വയനാട് ജില്ല ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചോ ? ഏതെങ്കിലും ജില്ലയിൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചോ ?

**അനൂപ്, കണ്ണൂർ**

= ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്.



## എച്ച്.എസ്.എസ്.ടി. (കമ്പ്യൂട്ടർ സയൻസ്)

* എച്ച്.എസ്.എസ്.ടി. (കമ്പ്യൂട്ടർ സയൻസ്) ഹയർ സെക്കൻഡറി വകുപ്പിൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാറായോ?

**സരിത, പരുത്തിപ്പാറ**

= മൂല്യനിർണ്ണയം അവസാന ഘട്ടത്തിലാണ്

## ഐ.സി.ഡി.എസ്.സൂപ്പർവൈസർ

* സാമൂഹ്യനീതി വകുപ്പിലെ ഐ.സി.ഡി.എസ്.സൂപ്പർവൈസർ തസ്തികയ്ക്ക് ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്. നിയമന ശിപാർശ ചെയ്യാറായോ ?

**പ്രമദ, ചിറയിൻകീഴ്**

= പതിമൂന്ന് ഒഴിവുകൾ. നിയമന ശിപാർശ ഒരാഴ്ചക്കുള്ളിൽ നടത്തും

## ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ

* ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയുടെ നിലവിലെ ഒഴിവുകൾ നിയമന ശിപാർശ നൽകാറായോ?

**രാജേഷ് തമ്പാൻ, പാലക്കാട്**

= ടി തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി സംബന്ധിച്ച് അന്തിമതീരുമാനത്തിനു ശേഷമേ നിയമനശിപാർശ നൽകുകയുള്ളൂ.

## ഇൻസ്ട്രക്ടർ ഇൻ ടെയിലറിംഗ് ആൻഡ് ഗാർമെന്റ് മേക്കിംഗ്

* സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഇൻസ്ട്രക്ടർ ഇൻ ടെയിലറിംഗ് ആൻഡ് ഗാർമെന്റ് മേക്കിംഗ് തസ്തികയുടെ റാങ്ക് പട്ടിക നിലവിൽ വന്നോ. എത്ര ഒഴിവുകൾ നിലവിലുണ്ട് ?

**തുഷാര, കടയ്ക്കാവൂർ**

= റാങ്ക് പട്ടിക 12.06.2018 ൽ നിലവിൽ വന്നു. പതിമൂന്ന് ഒഴിവുകൾ നിയമന ശിപാർശ ചെയ്യുന്നുണ്ട്.

## ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്

* വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് പരീക്ഷ 2017 ഒക്ടോബറിൽ കഴിഞ്ഞതാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ അറിയിച്ചിട്ടുണ്ടോ?

**അമ്പാടി, ആറ്റിങ്ങൽ**

= ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സിവിൽ എക്സൈസ് ഓഫീസർ

* എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ ചുരുക്കപ്പട്ടിക നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ചുരുക്കപ്പട്ടിക പ്രസിദ്ധീകരണം വൈകുമോ ?

**രാജഷ്, നെടുമ്പറമ്പ്**

= ചുരുക്കപ്പട്ടിക പ്രസിദ്ധീകരണനടപടികൾ പുരോഗമിക്കുന്നു.

## കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ

* ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ അടുത്ത വിജ്ഞാപനം എപ്പോൾ ഉണ്ടാകും ?

***ദീപ, ബാലരാമപുരം***

= അടുത്ത വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്.

## എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്)

* എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) തിരുവനന്തപുരം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?

***മജ്ഞുനാഥ്, വർക്കല***

= അഞ്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രിക്സ്)

* അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രിക്സ്) പുതിയ വിജ്ഞാപനം എപ്പോൾ ഉണ്ടാകും ?

***മനോജ്, കളമച്ചൽ***

= പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

## മെഡിക്കൽ ഓഫീസർ (നേത്ര)

* ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ (നേത്ര) പുതിയ വിജ്ഞാപനം എപ്പോൾ പ്രസിദ്ധീകരിക്കും ?

***കിഷോർ, നീലേശ്വരം***

= നടപടി പ്രാരംഭഘട്ടത്തിലാണ്.

Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.